കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അകത്തേത്തറ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ-പികെഡി14-792/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്.
തീയതി –25.06.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)

അകത്തേത്തറ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : അകത്തേത്തറ ഗ്രാമ പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി14-792/2020 തിയതി: 25.06.2020

## പാലക്കാട് ജില്ലയിലെ അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

## ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21.10.18 മുതൽ 18.11.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ

അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | എൻ. സതീശൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.11.2019 മുതൽ<br>28.11.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | എസ്. പ്രേമാനന്ദ്.<br>ഓഡിറ്റ് ഓഫീസർ |
| | കെ.സി. ഹരിഗോബിന്ദ്<br>അസി. ഓഡിറ്റ് ഓഫീസർ |
| | വി.ടി. ഉഷാകുമാരി<br>അസി. ഓഡിറ്റ് ഓഫീസർ |
| | പി. കാർത്തിക, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ഡി. സദാശിവൻ | 1.4.18 മുതൽ 31.3.19വരെ |
| സെക്രട്ടറി | തുളസീധരൻ | 1.4.18 മുതൽ 3.8..18വരെ |
| | ഹരിമോഹൻ ഉണ്ണികൃഷ്ണൻ(JS) | 4.8.18മുതൽ 14.10.18വരെ |
| | ആനന്ദ്. എം. | 15.10.18മുതൽ 15.3.19വരെ |
| | കലാറാണി (അധിക ചുമതല) | 16.3.19മുതൽ 31.3.19വരെ |

നിർവഹണഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ശാലിനി | 1-4-2018മുതൽ<br>8-08-2018വരെ |
| | ശ്രീമതി.സജിനി.വി.വി | 9.8.18 മുതൽ 21.8.18 വരെ |
| | ശ്രീമതി.സരസ്വതി.ആർ | 22.8.18 മുതൽ 3.12.18 FN വരെ |
| | | |

| | | |
|---|---|---|
| | ശ്രീമതി.സ്മിത.എം | 3.12.18 AN മുതൽ 11.3.19 FN വരെ |
| | ശ്രീമതി.ശ്രുതി,ജി | 11.3.19 AN തൽ 31.3.19 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | ശ്രീ.വിനോദ് കുമാർ | 1-4-2018മുതൽ 21-11-2018 |
| | ശ്രീ.സുനിൽകുമാർ | 22.11.18 മുതൽ 13.3.19 വരെ |
| | ശ്രീമതി.നഷീദ.എം | 13.3.19 മുതൽ 31.3.19 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I I | ശ്രീമതി.സുജിഷ.കെ | 1-4-2018മുതൽ<br>31.3.19വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.കേശവപ്രസാദ്.എൻ | 1-4-2018മുതൽ<br>31.3.19വരെ |
| മെഡിക്കൽ ഓഫീസർ പി എച്ച് സി | ഡോ.പി.എസ്. രാമകൃഷ്ണൻ | 1-4-2018മുതൽ<br>31-3-2019വരെ |
| വെറ്ററിനറി സർജൻ | ഡോ.ജി.ശർമ്മിള | 1-4-2018മുതൽ 31.3.19വരെ |
| പ്രധാനാദ്ധ്യാപകൻ | ശ്രീമതി.ഷൈല മേരി.ജെ | 1-4-2018മുതൽ 31-3-2019വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ബിന്ദു.കെ | 1-4-2018 മുതൽ 31.3.19 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.വനജ | 1-4-2018മുതൽ 31-03-19 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.അഫ്സ | 1-4-2018മുതൽ 31-3-2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഹരിമോഹൻ ഉണ്ണികൃഷ്ണൻ | 1-4-2018മുതൽ 14-3-2019 വരെ |
| | ശ്രീമതി.ബിന്ദു.കെ.എം | 15.3.19 മുതൽ 31-3-2019 വരെ |

ഉള്ളടക്കം

| ഖണ്ഡിക നം. | വിശദ വിവരം |
|---|---|
| 1-1 | ബജറ്റ് |
| 1-2 | വാർഷികധനകാര്യപത്രിക |
| 1-3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| | |

| | |
|---|---|
| 1-4 | ഫണ്ട് വിനിയോഗം |
| 1-5 | പദ്ധതി അവലോകനം |
| 1-6 | ക്ഷേമ പദ്ധതികൾ |
| 1-7 | ക്യാഷ് പരിശോധന |
| 1-8 | ആഭ്യന്തരനിയന്ത്രണം |
| 1-9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-10 | വാർഷികകണക്കുകളിലെ അപാകതകൾ |
| 1-11 | N.S.S എഞ്ചിനിയറിംഗ് കോളേജ്-വുമൺസ് ഹോസ്ററൽ കെട്ടിടത്തിന്റെ വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതാണ്. |
| 1-12 | തൊഴിൽ നികുതി - രേഖകൾ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 1-13 | കമ്മ്യൂണിറ്റി ഹാൾ, കല്ല്യാണ മണ്ഡപം - വാടക ഈടാക്കിയിട്ടില്ല |
| 1-14 | ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 1-15 | രസീതി പരിശോധന - രസീതികളുടെ അസ്സൽ സൂക്ഷിക്കുന്നില്ല |
| 1-16 | ബജറ്റ്- നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല |
| 1-17 | അങ്കണവാടികൾക്കുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല. |
| 1-18 | അങ്കണവാടികൾ - കേന്ദ്രസഹായത്തിലെ ചെലവഴിക്കാത്ത തുക ഭൗതിക സാഹചര്യങ്ങൽ മെച്ചപ്പെടുത്തുവാനായി വിനിയോഗിക്കാം. |
| 1-19 | ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതം - ലാബ് റിപ്പോർട്ട്. |
| 1-20 | ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ പ്രവർത്തനം- അവലോകനം. |
| 1-21 | സാന്ത്വന ചികിത്സാ പദ്ധതി - അവലോകനം |
| 1-22 | ഗുണഭോക്താവിന് നൽകിയ ആനുകൂല്യം അപേക്ഷയിലെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തു കാണുന്നില്ല. |
| 1-23 | അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റുകൾ നിർവ്വഹിച്ചിട്ടില്ല. |
| 1-24 | പട്ടികജാതി കോളനിയിലേക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് |
| 1-25 | കന്നുകുട്ടി പരിപാലനത്തിന് ബില്ലിംഗ് മെഷീൻ വാങ്ങൽ - ക്വട്ടേഷൻ നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല. |
| 1-26 | കന്നുകുട്ടി പരിപാലനം (വനിത) പദ്ധതി – വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. |
| 1-27 | സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ വിലയിരുത്തൽ. |
| 1-28 | മാഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവൃത്തനങ്ങളുടെ വിലയിരുത്തൽ. |
| 1-29 | അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ- പൊതുവായ |

| | |
|---|---|
| | കാര്യങ്ങൾ |
| 1-30 | കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പ്രകാരം പണി സ്ഥലത്ത് സ്ഥാപിക്കേണ്ട ബോർഡ് നിർബന്ധമായും സ്ഥാപിക്കണം: |
| 1-31 | ബിറ്റുമെൻ ബാരൽ വില ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കണം: |
| 1-32 | അകത്തേത്തറ അംഗൻവാടി കെട്ടിടം നിർമ്മാണം - നിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കണം. |
| 1-33 | താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 1-34 | HPCLൽ നിന്നും തിരികെ കിട്ടാനുള്ള തുക ഈടാക്കണം. |
| 1-35 | ആയുർവ്വേദ-വെറ്റിനറി ആശുപത്രികൾ, പി.എച്ച്.സി എന്നിവിടങ്ങളിൽ സ്ഥാപിക്കാനിരുന്ന മാലിന്യ പ്ലാന്റ് നാളിതുവരെ സ്ഥാപിച്ചിട്ടില്ല. |
| 1-36 | പ്ലാസ്റ്റിക്ക് ഷ്രെഡിങ്ങ് മെഷീൻ സ്ഥാപിച്ചിട്ടില്ല. |
| 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4-2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 4-5 | വായ്പ / വായ്പാതിരിച്ചടവ് |
| 4-6 | സ്ഥിര നിക്ഷേപം |
| 4-7 | ഓഡിറ്റ് റിക്കവറി |
| 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 4-9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം 2 | ധനകാര്യ പത്രികകൾ |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

# 1-1 ബജറ്റ്

26/03/2018 തീയതിയിലെ ഒന്നാം തീരുമാനപ്രകാരം ഗ്രാമ പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചു.

പരിഷ്കരിച്ച ബജറ്റ് 8.2.19തീയതിയിലെ 7-ാം നമ്പർ തീരുമാനപ്രകാരം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ 8.2.19യിലെ തീരുമാനങ്ങൾ 25.02.2019ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചിട്ടുണ്ട്.

ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1353874.00 |
| പ്രതീക്ഷിത വരവ് | 159159380.00 |
| ആകെ | 160513254.00 |
| പ്രതീക്ഷിത ചെലവ് | 159134678.00 |
| നീക്കിയിരിപ്പ് | 1378576.00 |

പ്രതീക്ഷിത വരവുചെലവുകൾക്ക് യഥാർത്ഥ വരവുചെലവുകളുമായി യാതൊരു ബന്ധവും കാണുന്നില്ല.

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 27.5.2019 | ബാധകമല്ല | ബാധകമല്ല |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3434056 |
| വരവ് | 90538467 |
| ആകെ | 93972523 |
| ചെലവ് | 83175377 |
| നീക്കിയിരിപ്പ് | 10797146 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ലാപ്സ് ആയത് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 16142021 | 16142021 | 14210805 | 1931216 |
| വികസന ഫണ്ട്- | 0 | 7411000 | 7411000 | 7381008 | 29992 |

| | | | | | | |
|---|---|---|---|---|---|---|
| എസ്.സി.പി (ACR പ്രകാരം) | | | | | | |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | | 0 | 600000 | 600000 | 467142 | 132858 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 5530000 | 5530000 | 2815732 | 2714268 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3583000 | 3583000 | 3226654 | 356346 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 9348693 | 9348693 | 7412154 | 1936539 |
| സാക്ഷരത | | 1768 | 81 | 1849 | 0 | 1849 |
| ദുരിതാശ്വാസനിധി | | 22920 | 132 | 23052 | 0 | 23052 |
| നബാർഡ് 315 | | 80352 | 3321 | 83673 | 1 | 83672 |
| നബാർഡ് 474 | | 107003 | 3794 | 110797 | 0 | 110797 |
| NSAP | | 3721 | 131 | 3852 | 0 | 3852 |
| Sanitation | | 28458 | 1290 | 29748 | 0 | 29748 |
| PYCKA | | 21877 | 126 | 22003 | 0 | 22003 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 18793469 | 18793469 | 18793469 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 19060 | 2030813 | 2049873 | 1879531 | 170342 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ(TSC) – WB Aid | | 0 | 843480 | 843480 | 0 | 843480 |
| TSC – വാഹനം വാങ്ങൽ | | 1000000 | 0 | 1000000 | 502447 | 497553 |
| ICDS | | 1441168 | 641107 | 2082275 | 927895 | 1154380 |
| സ്പെസിഫിക് പർപസ് – കുടുംബശ്രീ - ബഡ്സ് സ്കൂൾ ഇൻസെന്റീവ് | | 0 | 1250000 | 1250000 | 100425 | 1149575 |
| വിമുക്തി | | 0 | 25000 | 25000 | 10000 | 15000 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 699874 | 2196162 | 2896036 | 2114378 | 781658 |
| | ജില്ലാ പഞ്ചായത്ത് | 0 | 2247769 | 2247769 | 1414970 | 832799 |
| ബി ഫണ്ട് | | 0 | 143640 | 143640 | 143640 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 2549903 | 16627337 | 19177240 | 13849946 | 5327294 |
| | ട്രഷറി അക്കൗണ്ട് | 547666 | 22764376 | 23312042 | 18390411 | 4921631 |

സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റുകളിൽ ACR പ്രകാരമുള്ള തുകകളാണ് പട്ടികയിൽ ചേർത്തിരിക്കുന്നത്. Receipt & Payment പ്രകാരമുള്ള കണക്കുകൾ വ്യത്യാസമുണ്ട്.

ജനറൽ പർപസ് ഗ്രാന്റ് ഇനത്തിൽ വരവ് വന്ന ₹.11414657/- തനതു ഫണ്ട് ട്രഷറി അക്കൗണ്ടിൽ ഉൾപ്പെട്ടിട്ടുണ്ട്.

NREGS തൊഴിലാളികളുടെ കൂലി, കാഷ് ബുക്ക് പ്രകാരമുള്ള തുകയാണ് പട്ടികയിൽ കാണിച്ചിരിക്കുന്നത്. 2017-18ൽ കുടിശികയായ തുക 2018-19ൽ വിതരണം ചെയ്യതും പട്ടികയിൽ

ഉൾപ്പെട്ടിട്ടുണ്ട്. ഖണ്ഡിക 1(28)ൽ 2018-19ൽ നടപ്പാക്കിയ പ്രവൃത്തികൾക്കുള്ള തുകകളുടെ വിവരം ആണ് ചേർത്തത്.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 270 | 126447115 | 253 | 60940875 | 78 | 13 | 65% |

നടപ്പാക്കിയ 253 പദ്ധതികളിൽ 175 എണ്ണം ഓഡിറ്റ് വർഷം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. ഭാഗികമായി നടപ്പാക്കിയ 78 എണ്ണത്തിൽ 62 എണ്ണം 2019-20ൽ സ്പിൽ ഓവറായി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. ബാക്കിയുള്ളവ അവസാന ബിൽ ആയി കണക്കാക്കുകയും ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ തുടർ വർഷത്തിൽ പുതിയ പ്രൊജക്ടായി ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. 13 എണ്ണം പ്രവൃത്തി ആരംഭിക്കാതെ തന്നെ ഉപേക്ഷിച്ചവയാണ്.

# 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 23640 | 10 |
| കർഷകതൊഴിലാളി പെൻഷൻ | 3574200 | 312 |
| വിധവാപെൻഷൻ | 10511700 | 889 |
| വാർദ്ധക്യകാലപെൻഷൻ | 20172000 | 1694 |
| വികലാംഗപെൻഷൻ | 3218200 | 255 |
| അവിവാഹിത പെൻഷൻ | 811700 | 69 |

# 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.11.2019 ന് സ്ഥാപനതലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ

സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 25061/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-8 ആഭ്യന്തരനിയന്ത്രണം

അകത്തേത്തറ ഗ്രാമ പഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ കാര്യങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ Office Order തയ്യാറാക്കി 2019 ഒക്ടോബർ മുതൽ നടപ്പാക്കിവരുന്നു. ഇന്റേർണൽ ഓഡിറ്റിന്റെ ഭാഗമായി പെർഫോമൻസ് ഓഡിറ്റ് വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

ചെലവുകൾ ബജറ്റിനനുസരണമായി നിയന്ത്രിക്കുകയും റിവൈസ്ഡ് ബഡ്ജറ്റ് തയ്യാറാക്കി ഭരണസമിതി ചർച്ചചെയത് പാസാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുകൾ ബഡ്ജറ്റിനനുസരണമായി നിയന്ത്രിക്കുന്നതിനുള്ള സംവിധാനം നിലവിലുള്ള സോഫ്റ്റവേറിലില്ല. ഓരോ ചെലവും നടത്തുമ്പോൾ അക്കൗണ്ടന്റ് ബഡ്ജറ്റിൽ അനുവദിച്ച തുകയേക്കാൾ കൂടുന്നുണ്ടോ എന്ന പ്രത്യേകം ശ്രദ്ധിക്കേണ്ടിവരുന്നുണ്ട്.

അക്കൗണ്ടിങ്ങ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് രേഖകൾ തീപ്പിടുത്തം, കളവ്, പുറമേ നിന്നുള്ള ഇടപെടലുകൾ, വ്യാജരേഖ ചമക്കൽ എന്നിവയിൽ നിന്നും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള മതിയായ ക്രമീകരണങ്ങൾ നടത്തിയിട്ടില്ല.

ഓരോ ഇടപാടും നടത്തുന്ന സമയത്തുതന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. പണമിടപാട് നടത്തുന്ന എല്ലാ രേഖകളുടേയും ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്കുന്നുണ്ട്. രശീതികൾ പ്രീ നമ്പേർഡ് ആണ്. രശീതി, ചെക്ക് എന്നിവ ക്യാൻസൽ ചെയ്യുമ്പോൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ മാന്വലായ രശീതികൾ സ്ഥാപനത്തിൽ ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഉപയോഗിക്കാത്തവ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ മുഴുവൻ അക്കൗണ്ടുകളും സാംഖ്യയിൽ ചേർത്തിട്ടുണ്ട്. അതിനാൽ എല്ലാ അക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുണ്ട്.

ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഓരോരുത്തർക്കും login, password ലഭ്യമാക്കി സുരക്ഷിതത്വം ഉറപ്പാക്കിയിട്ടുണ്ട്. ഒരാളുടെ പാസ്സ് വേർഡ്, ലോഗിൻ എന്നിവ മറ്റുള്ളവർ ഉപയോഗിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തുക ബാങ്കിൽ അടവാക്കുന്നത് തുക കളക്റ്റ് ചെയ്യുന്ന ആൾ അല്ല. ഓരോ ദിവസത്തെയും വരവ് തുക ക്യാഷിന്റെ ചുമതലയുള്ള സെക്ഷൻ ക്ലാർക്കിനെ (Cashier) ഏൽപ്പിക്കുകയും തുകയുടെ കൃത്യത അക്കൗണ്ടന്റ്, സൂപ്രണ്ട്, സെക്രട്ടറി എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്. തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം അക്കൗണ്ടന്റ്, സൂപ്രണ്ട് എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

ആയിരം രൂപക്ക് മുകളിലുള്ള തുകകൾ ചെക്കായിട്ടാണ് നൽകുന്നത്. എല്ലാ പേമെന്റുകൾക്കും കൈപ്പറ്റ് രശീതി വാങ്ങുന്നുണ്ട്. പേമെന്റ് വൗച്ചർ സെക്ഷൻ ക്ലാർക്ക് തയ്യാറാക്കി അക്കൗണ്ടന്റ്, ജെ.എസ് എന്നിവർ പരിശോധിച്ച ശേഷം സെക്രട്ടറി ചെക്കിൽ ഒപ്പ് വെക്കുന്നു. എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജിനൽ

ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകളിൽ സെക്രട്ടറി, പ്രസിഡണ്ട് ഇവർ ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/ വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ബ്ലാങ്ക് ചെക്കുകൾ മുൻകൂർ ഒപ്പിട്ട് വെക്കുന്ന രീതി സ്ഥാപനത്തിൽ നിലവിലില്ല. ഇഷ്യൂ ചെയ്ത ചെക്കുകൾ റിയലൈസ് ചെയ്യുന്നത് ശ്രദ്ധിച്ച് മടങ്ങി വരുന്ന ചെക്കുകൾ ചെക്ക്/ഡി.ഡി. രജിസ്റ്ററിൽ ചേർത്ത് ക്യാൻസൽ ചെയ്യുന്നുണ്ട്.

ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുകകളുടെ കാലതാമത്തിന് നിയമപ്രകാരം ഫൈൻ/പിഴപ്പലിശ ഈടാക്കുന്നുണ്ട്. എല്ലാ കളക്ഷനുകളും കാഷ് ബുക്ക്, ലെഡ്ജർ എന്നിവയിൽ ഒരേസമയം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ട്. എന്നാൽ വസ്തുനികുതി മാത്രമാണ് ഡി.സി.ബി. രജിസ്റ്റർ സാംഖ്യയുമായി ബന്ധിപ്പിച്ചിരിക്കുന്നത്. മറ്റു നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം മാന്വലായി തയ്യാറാക്കുകയാണ് ചെയ്യുന്നത്.

ടാക്സുകൾ യഥാസമയം പിരിച്ചെടുക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്ഥാപനം സ്വീകരിക്കുന്നുണ്ട്. കാമ്പ് കലക്ഷൻ നടത്തിയും, കുടുംബശ്രീയുടെ സഹായത്തോടെ നികുതിദായകർക്ക് നോട്ടീസ് നൽകിയും നികുതികൾ പിരിച്ചെടുത്തിട്ടുണ്ട്. 2017-18ൽ പിരിഞ്ഞ് കിട്ടാനുള്ള തുകകൾ കൃത്യമായി കണക്കാക്കി അടുത്ത വർഷത്തേക്ക് ക്യാരിഓവർ ചെയ്തിട്ടുണ്ട്. 2018-19ൽ 100% പിരിവ് കൈവരിച്ചിട്ടുണ്ട്. ഇതിനായി ജീവനക്കാർ നടത്തിയ കൂട്ടായ ശ്രമം അഭിനന്ദനാർഹമാണ്.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും പാലിക്കപ്പെടുന്നുണ്ട്. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരത്തോടെയാണ് പർച്ചേസുകൾ നടത്തുന്നത്. എന്നാൽ പ്രൊക്യൂർമെന്റ് പ്ലാൻ, പ്രൊക്യൂർമെന്റ് ബജറ്റ് ഇവ തയ്യാറാക്കുന്നില്ല. പർച്ചേസ് ഓർഡർ, വർക്ക് ഓർഡർ, കരാറുകൾ എന്നിവ കൃത്യമായി ചമക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്കിലെടുക്കുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. പേമെന്റ് നടത്തുന്നതിനു മുൻപ് ഒറിജിനൽ ഇൻവോയ്സ്/ബില്ലിൽ സ്റ്റോക്ക് എൻട്രി വിവരം ചേർത്തിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ ഭദ്രമായി സൂക്ഷിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. പക്ഷെ സ്റ്റോക്ക്&സ്റ്റോർസ്, മറ്റ് വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല. കമ്പ്യൂട്ടറുകളുടെ വാർഷിക അറ്റകുറ്റപ്പണിക്ക് കരാർ നൽകിയിട്ടുണ്ട്.

സർവ്വീസ് ബുക്കുകളും, ലീവ് റെക്കോർഡുകളും അറ്റൻഡൻസ് രജിസ്റ്ററും ശരിയായി സൂക്ഷിക്കുന്നുണ്ട്. ടാക്സുകൾ, പി.എഫ്., മറ്റ് നിയമപരമായ റിക്കവറികൾ തുടങ്ങി ജീവനക്കാരിൽ നിന്നും ഈടാക്കുന്നവ കൃത്യമായി അടവാക്കുന്നുണ്ട്.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നുുണ്ട്. ആസ്തികൾ കൃത്യമായി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. അനാവശ്യവും കാലഹരണപ്പെട്ടതുമായ ആസ്തികൾ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അതേസമയം നാശോന്മുഖമാകുന്നതിനു മുൻപ് വില്പന നടത്താൻ ശ്രദ്ധിക്കുന്നുണ്ട്.

പഞ്ചായത്ത് കമ്മറ്റി മീറ്റിങ്ങിന് Software ലൂടെ മിനുട്ട്സ് തയ്യാറാക്കുന്നതിന് സംവിധാനമുള്ളത്. ഗ്രാമ സഭ, വർക്കിങ്ങ് ഗ്രൂപ്പ്, സ്റ്റാന്റിങ്ങ് കമ്മറ്റി ഇവയുടെ മിനുട്ട്സുകളും Online സംവിധാനത്തിലേക്കുമാറേണ്ടതുണ്ട്.

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പ വരുത്തേണ്ടതാണ്. 2018-19 വർഷം സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റുകളുടെയും അവയുടെ വിനിയോഗത്തിന്റയും വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | ലഭിച്ച തുക | ചെലവ് | ശതമാനം |
|---|---|---|---|
| പ്ലാൻ (ജനറൽ) | 16142021 | 14210805 | 88 |
| പ്ലാൻ (എസ്.സി.പി) | 7411000 | 7381008 | 99.6 |
| വികസന ഫണ്ട് (ടി.എസ്.പി) | 600000 | 467142 | 77.86 |
| ധനകാര്യ കമ്മീഷൻ അവർഡ് | 9348693 | 7412154 | 79 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 5530000 | 2815732 | 51 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 3583000 | 3226654 | 90 |

ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർ വർഷങ്ങളിൽ ലഭ്യമാവാത്ത ഈ കാലഘട്ടത്തിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി ഗ്രാമ പഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ ഗ്രാമപഞ്ചായത്തിലെ ജനങ്ങളും ഭരണ സമിതി അംഗങ്ങളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും ജിവനക്കാരും ശ്രദ്ധാപൂർവ്വം പ്രവർത്തിക്കേണ്ടതാണ്.

# 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.10.2019 | 9/2019 | 23.10.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | LBA(HQ)IV/8A-2217-14-15/33/12.12.14 | 2009-10 മുതൽ 2013-14 വരെ | 22.12.14 |

# 1-10 വാർഷികകണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സർട്ടിഫിക്കറ്റിൽ പരാമർശിച്ച അപാകതകൾ നിലനിൽക്കുന്നു

# 1-11 N.S.S എഞ്ചിനിയറിംഗ് കോളേജ്-വുമൺസ് ഹോസ്ററൽ കെട്ടിടത്തിന്റെ

# വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

N.S.S എഞ്ചിനിയറിംഗ് കോളേജിന്റെ ഉടമസ്ഥതയിലുള്ള വുമൺസ് ഹോസ്റ്റൽ പ്രവർത്തിക്കുന്ന 2 -ാം വാർഡിലെ 643 നമ്പർ കെട്ടിടത്തിന് വാസഗൃഹം എന്ന ഗണത്തിലാണ് നികുതി ചുമത്തിയിരിക്കുന്നത്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 23-04-2018 തിയതിയിലെ 5(7) നമ്പർ തീരുമാനം പ്രകാരം ആയത് ഹോസ്റ്റൽ എന്ന ഗണത്തിൽ ഉൾപ്പെടുത്തി നികുതി പുനർനിർണ്ണയിക്കാനുള്ള നടപടി സ്വീകരിക്കാൻ യോഗം തീരുമാനം എടുത്തിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയറിൽ ടി കെട്ടിടത്തിന്റെ വസ്തു നിർണ്ണയിച്ചിട്ടുള്ള ഫോറം 6 പരിശോധിച്ചതിൽ നാളിതുവരെ നികുതി പുനർനിർണ്ണയിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 30-04-2011 തിയതിയിലെ 12-ാം നമ്പർ തീരുമാനം പ്രകാരം നിശ്ചയിച്ച നിരക്കുകൾ താഴെ ചേർക്കുന്നു.

പാർപ്പിടം - 5/$m^2$

സ്വകാര്യ ഹോസ്റ്റൽ / ഹോംസ്റ്റേ - 45/m2

| വാർഡ് നം./ കെട്ടിട നം. | ഉടമസ്ഥൻ | വിസ്തീർണ്ണം (ച.മീ) / നിരക്ക് | ഇളവ് / വർദ്ധനവ് | ബാധകമായ നികുതി | ഫോറം 6 പ്രകാരം നിർണ്ണയിച്ച നികുതി | കുറവ് |
|---|---|---|---|---|---|---|
| 2/643 | ജനറൽ സെക്രട്ടറി, N.S.S വർക്കിംഗ് വുമൻസ് ഹോസ്റ്റൽ, അകത്തേത്തറ | 2684 $m^2$ | ഇളവ് - കാലപ്പഴക്കം 10%<br>വർദ്ധനവ് - വഴി സൗകര്യം 20% | 132858 | 16764 | 116094 |

ടി കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 1-12 തൊഴിൽ നികുതി - രേഖകൾ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

എ)ഗ്രാമപഞ്ചായത്തിലെ എഞ്ചിനിയറിംഗ് വിഭാഗത്തിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം 2018-19 സാമ്പത്തിക വർഷത്തിൽ 16 കോൺട്രാക്ടർമാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കോൺട്രാക്ടറായ കെ. രമണൻ എന്ന വ്യക്തിയിൽ

നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ടി വ്യക്തിയിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ബി) സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

മാത ഫിനാൻസ്, അകത്തേത്തറ എന്ന സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തിലെ ഒന്നും രണ്ടും അർദ്ധ വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

സി)റേഷൻ കടകൾ - ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.
പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിലെ ജീവനക്കാരുടെ പക്കൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.10/25-11-19)

# 1-13 കമ്മ്യൂണിറ്റി ഹാൾ, കല്ല്യാണ മണ്ഡപം - വാടക ഈടാക്കിയിട്ടില്ല

2018-19 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കമ്മ്യൂണിറ്റി ഹാൾ, കല്ല്യാണ മണ്ഡപം എന്നിവ ഒരു ദിവസത്തിന് 3500/- രൂപ നിരക്കിൽ വാടകയ്ക്ക് നൽകിയിട്ടുണ്ട്. രണ്ട് കെട്ടിടങ്ങളും കൂടി ഒരുമിച്ച് വാടകയ്ക്ക് നൽകുമ്പോൾ 7000/- രൂപയാണ് ഈടാക്കുന്നത്. വാടകയ്ക്ക് എടുക്കുന്ന വ്യക്തികളിൽ നിന്നും 4000/- രൂപ ഡെപ്പോസിറ്റ് വാങ്ങുന്നുണ്ട്.

അകത്തേത്തറ ക്ഷീരവ്യവസായ സഹകരണ സംഘത്തിന് 14-08-18, 22-09-18 തിയതികളിൽ വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും ഡെപ്പോസിറ്റ് തുകയോ വാടകയോ ഈടാക്കിയിട്ടില്ല. ടി സ്ഥാപനത്തിന് രണ്ട് കെട്ടിടങ്ങളും ഒരുമിച്ച് നൽകിയതാണോ എന്നത് സംബന്ധിച്ച വിവരവും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ടി വിഷയം സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് അകത്തേത്തറ ഗ്രാമപഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങളായ സർവ്വീസ് സഹകരണ ബാങ്ക്, ക്ഷീരവ്യവസായ സഹകരണ സംഘം എന്നിവയ്ക്ക് സൗജന്യമായാണ് കല്ല്യാണമണ്ഡപം വാടകയ്ക്ക് നൽകി വരുന്നത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ പ്രസ്തുത സ്ഥാപനങ്ങൾക്ക് സൗജന്യമായി വാടകയ്ക്ക് നൽകുന്നതിന് അടിസ്ഥാനമാക്കിയ വിവരങ്ങൾ രേഖകൾ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്, അല്ലാത്ത പക്ഷം കെട്ടിടങ്ങൾ സൗജന്യമായി വാടകയ്ക്ക് നൽകിയതിനാലുള്ള നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തീരുന്നതാണ്. (ഓഡിറ്റ് അന്വേഷണം നം.11/27-11-19)

# 1-14 ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

1)ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ലൈസൻസ് അനുവദിക്കുന്നതിന് നടപടി

സ്വീകരിക്കേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 232, 233, 234 , 254 എന്നീ വകുപ്പുകൾ കൂട്ടി വായിച്ചതു പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് 1996- ലെ കേരളാ പഞ്ചായത്ത് രാജ് ( അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ രൂപീകരിക്കപ്പെട്ടു. 2018 ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ആക്ട്(The Kerala Investment Promotion and Facilitation (No.2) Act,2018) നിലവിൽ വന്നതിനെ തുടർന്ന് പഞ്ചായത്ത് രാജ് ആക്ടിലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട 232, 233 വകുപ്പുകളിൽ ഭേദഗതി വരുത്തിയതിനെ തുടർന്ന് 1996ലെ കേരളാ പഞ്ചായത്ത് രാജ് ( അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയും ചട്ടങ്ങളുടെ പേര് 1996ലെ കേരളാ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ എന്ന് മാറ്റുകയും ചെയ്തു.

കൂടാതെ ചട്ടം 10-ലെ പട്ടിക- 2-ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവായതിനാൽ നിലവിലുണ്ടായിരുന്ന ഫീസ് നിരക്കുകൾ നിശ്ചയിച്ചിട്ടുള്ള പട്ടിക 2 ഒഴിവാക്കി പുതിയ ഫീസ് നിരക്ക് സെക്രട്ടറി തയ്യാറാക്കുകയും ഭരണസമിതിക്ക് സമർപ്പിക്കേണ്ടതും ആയത് ചർച്ച ചെയ്ത് പ്രസ്തുത ചട്ട ഭേദഗതി ഉത്തരവു പ്രകാരം ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ലൈസൻസ് ഫീസ് ഇനത്തിൽ ഈടാക്കാവുന്ന പരമാവധി തുക 4000 രൂപയിൽ നിന്നും 15000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2018-19 വർഷത്തിലെ ലൈസൻസ് അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ, മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ ചട്ടത്തിലെ ഭേദഗതി പ്രകാരമുള്ള ലൈസൻസ് അനുവദിച്ചിട്ടില്ല. ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ലൈസൻസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2) അകത്തേത്തറ ഗ്രാമപഞ്ചായത്തിലെ 1-ാം വാർഡിൽ ധോണിയിൽ പ്രവർത്തിക്കുന്ന റോയൽ സാന്റ്സ് ക്വാറി & ക്രഷിനെതിരെ 59 പരിസരവാസികൾ ഒപ്പിട്ടു നൽകിയ പരാതി 28-04-2018 ലെ പഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച ചെയ്തിട്ടുണ്ട്. ക്വാറി പൊട്ടിക്കുന്നതിന് പൊല്യൂഷൻ കൺട്രോൾ ബോർഡിനും ജിയോളജി വകുപ്പിനും കത്ത് നൽകിയിട്ടുണ്ടെന്നും റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ക്വാറിയുടെ പ്രവർത്തനത്തിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും പരാതിയിൽ പരാമർശിക്കുന്നതനുസരിച്ച് പരിസരവാസികളുടെ സ്വൈര ജീവിതത്തിനും കുടിവെള്ള സ്രോതസ്സുകൾ നശിപ്പിക്കുന്ന തരത്തിലുള്ള ജല ചൂക്ഷണവും കരിപ്പാലി തോടിന്റെ ഉത്ഭവ സ്ഥാനം അനധികൃതമായി കയ്യേറിയിട്ടുണ്ടോ എന്നും ലോറി ഗതാഗതം കാരണം ക്വാറിക്ക് സമീപമുള്ള പഞ്ചായത്ത് റോഡ് ഉപയോഗയോഗ്യമല്ലാതായി തീർന്നിട്ടുണ്ടോ എന്നും പ്രസിഡന്റിന്റെ സാന്നിദ്ധ്യത്തിൽ ഹെൽത്ത് ഇൻസ്പെക്ടർ, എ.ഇ- എൽ.എസ്.ജി.ഡി, സെക്രട്ടറി മുതലായവർ പരിശോധിച്ച് പരാതി പരിഹരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും 28-04-2018 തിയതിയിലെ 15ാം നമ്പർ തീരുമാനം പ്രകാരം തീരുമാനം എടുത്തിട്ടുണ്ട്.ഡി & ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2018-19 സാമ്പത്തിക വർഷത്തേക്ക് 04-04-2018 തിയതിയിൽ സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

എന്നാൽ മേൽ സൂചിപ്പിച്ച പ്രകാരം പരിസരവാസികളുടെ പരാതി ലഭിച്ച സാഹചര്യത്തിൽ , പരാതിയിന്മേൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.4/22-11-19) ടി പരാതിയിന്മേൽ കൈക്കൊണ്ട നടപടികൾ ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്നും ബന്ധപ്പെട്ട എല്ലാ വകുപ്പിൽ നിന്നുമുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചത് എന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും പരിസരവാസികളുടെ സ്വൈരജീവിതത്തിന് പ്രതികൂലമായി ബാധിക്കുന്നതും കുടിവെള്ള സ്രോതസ്സുകൾ നശിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പരാതി ലഭിച്ചിട്ട് പോലും നാളിതുവരെ പരാതിയിന്മേൽ നടപടികളൊന്നും സ്വീകരിക്കാത്തത് സെക്രട്ടറിയുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ടി പരാതിയിന്മേൽ എത്രയും പെട്ടെന്ന് നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

3)1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻ കടകളുടെ നടത്തിപ്പിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. 2018-19 വർഷത്തിലെ ലൈസൻസ് അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ലൈസൻസ് എടുത്തിട്ടില്ല. റേഷൻ കടകളെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടു വരുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-15 രസീതി പരിശോധന - രസീതികളുടെ അസ്സൽ സൂക്ഷിക്കുന്നില്ല

അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 21-10-2018 മുതൽ 18-11-2019 വരെയുള്ള കാലയളവിലെ രസീതികൾ പരിശോധിച്ചതിൽ ആകെ 22 മാന്വൽ രസീതികൾ ഉപയോഗിച്ചിട്ടുണ്ട്. ആയതിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ കിച്ചൻബിൻ, ബയോഗ്യാസ് പ്ലാന്റ് എന്നിവയുടെ ഗുണഭോക്തൃ വിഹിതം വരവ് വെയ്ക്കുന്നതിന് ഉപയോഗിച്ച 11118 എന്ന രസീതി ബുക്ക് പരിശോധിച്ചതിൽ ഒറിജിനൽ രസീതികൾ വ്യക്തികൾക്ക് നൽകുകയും ഡ്യൂപ്ലിക്കേറ്റ് ഓഫീസിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം രസീതിയുടെ അസ്സൽ ഓഫീസിൽ സൂക്ഷിക്കേണ്ടതും പണം ഒടുക്കിയ ആൾക്ക് ഡ്യൂപ്ലിക്കേറ്റ് നൽകേണ്ടതുമാണ്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-16 ബജറ്റ്- നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.

സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്.

സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് പാലിക്കേണ്ട നടപടിക്രമങ്ങൾ താഴെ പറയുന്ന പ്രകാരമാണ്.

| | |
|---|---|
| ഘടകസ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചുചേർക്കേണ്ടതും പദ്ധതിയേതര നിർദ്ദേശങ്ങൾ ആവശ്യപ്പെടേണ്ടതും | ഡിസംബർ 15-ന് മുൻപ് |
| ഘടകസ്ഥാപന മേധാവികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടത് | ജനുവരി 15-ന് മുൻപ് |
| സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ചർച്ചചെയ്യേണ്ടത് | ജനുവരി 22-ന് മുൻപ് |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കേണ്ടത് | ഫെബ്രുവരി 1-ന് മുൻപ് |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കേണ്ടത് | മാർച്ച് 1-ന് മുൻപ് |
| കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം പ്രസിഡന്റ് വിളിച്ചുചേർക്കേണ്ടത് | മാർച്ച് 7 -ന് മുൻപ് |
| ബഡ്ജറ്റ് അംഗീകരിക്കേണ്ടത് | മാർച്ച് 31 -ന് മുൻപ് |

2018-19 വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ മേൽ സൂചിപ്പിച്ച പ്രകാരം ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർത്തതായോ ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്യുകയോ തീരുമാനമെടുക്കുകയോ ചെയ്തിട്ടില്ല. സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിച്ച പദ്ധതിയേതര നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ഫെബ്രുവരി ഒന്നിന് മുമ്പ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല.

വിവിധ സ്ഥാപന മേധാവികളോട് പ്രതീക്ഷിക്കുന്ന വരവ് ചെലവ് കണക്കുകളുടെ വിവരങ്ങൾ 10-01-2018 ന് മുമ്പ് ലഭ്യമാക്കുവാൻ 29-12-2017 തിയതിയിലാണ് ആവശ്യപ്പെട്ടിരിക്കുന്നത്. വി.ഇ.ഒ 06-01-2018 തിയതിയിലും മെഡിക്കൽ ഓഫീസർ - ആയുർവേദം 08-01-2018 തിയതിയിലും മെഡിക്കൽ ഓഫീസർ - പി.എച്ച്.സി 19-01-2018 തിയതിയിലും വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ വിവരങ്ങളൊന്നും തന്നെ ലഭ്യമാക്കിയിട്ടില്ല.

ബജറ്റ് തയ്യാറാക്കുന്നതിലേക്കായി നോൺ പ്ലാൻ പ്രൊപ്പോസലുകൾ കൃഷി ഓഫീസർ, വെറ്ററിനറി സർജൻ എന്നിവർ 20-02-2018 തിയതിയിലും എച്ച്.എം 26-02-2018 തിയതിയിലും ലഭ്യമാക്കിയിട്ടുണ്ട്. A.E, എൽ.എസ്.ജി.ഡി , മെഡിക്കൽ ഓഫീസർ - ആയുർവേദം, മെഡിക്കൽ

ഓഫീസർ - പി.എച്ച്.സി എന്നിവർ നിർദ്ദേശങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും തിയതി രേഖപ്പെടുത്തിയിട്ടില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 09-03-2018 -ലെ 1-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച വാർഷിക ബജറ്റ്, ഭരണ സമിതി 26-03-2018 ലെ 1-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് 8.2.19തീയതിയിലെ 7നമ്പർ തീരുമാനപ്രകാരം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ 8.2.19തിയതിയിലെ തീരുമാനങ്ങൾ 25.02.2019ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1353874.00 |
| തൻവർഷം വരവ് | 159159380.00 |
| ആകെ | 160513254.00 |
| ചെലവ് | 159134678.00 |
| നീക്കിയിരിപ്പ് | 1378576.00 |

തുടർന്നുള്ള വർഷങ്ങളിൽ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-17 അങ്കണവാടികൾക്കുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല.

പഞ്ചായത്തിന്റെ പ്രവർത്തന പരിധിയിൽ ആകെ 26അങ്കണവാടികൾ നിലവിൽ പ്രവർത്തിച്ച് വരുന്നുണ്ട്.ഇവയിൽ 2 എണ്ണം വാടക രഹിതമായ കെട്ടിടങ്ങളിൽ പ്രവൃത്തിക്കുകയും, 8 അങ്കണവാടികൾ വാടക കെട്ടിടങ്ങളിലുമാണ് പ്രവൃത്തിച്ച് വരുന്നത്.ഇതിൽ 26 എണ്ണങ്ങൾക്കും ഫിറ്റനസ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളുടേയും സുരക്ഷിതത്വം ഉറപ്പാക്കി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനായി സർക്കുലർ നം.31055/ഡി.സി.2/2011തസ്വഭവ 22.3.2011പ്രകാരം സർക്കാർ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് :

1.എല്ലാ വർഷവും മെയ് 10 - നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ / ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റനസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്.

2.യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുവാൻ പാടില്ല.മതിയായ സുരക്ഷിതത്വം ഇല്ലാത്ത കെട്ടിടങ്ങളിലാണ് ഇവ

പ്രവർത്തിക്കുന്നതെങ്കിൽ തദ്ദേശഭരണ സ്ഥാപനം/ കെട്ടിട ഉടമ ആയത് ഏർപ്പെടുത്തേണ്ടതാണ്.

3.സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ് സൂപ്പർവൈസർ, അങ്കണവാടി പ്രവർത്തകർ, എഞ്ചിനീയർ / ഓവർസീയർ എന്നിവരുടെ ഒരു യോഗം വിളിച്ച് ചേർത്ത് സ്ഥിതി വിലയിരുത്തി സമയബന്ധിതമായി ആക്ഷൻ പ്ലാൻ തയ്യാറാക്കി മെയ് 10 നകം എല്ലാ അങ്കണവാടികൾക്കും ഫിറ്റനസ് ഉണ്ടെന്ന് ഉറപ്പാക്കേണ്ടാണ്.

മേൽ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

# 1-18 അങ്കണവാടികൾ - കേന്ദ്രസഹായത്തിലെ ചെലവഴിക്കാത്ത തുക ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനായി വിനിയോഗിക്കാം.

2018-19 സാമ്പത്തിക വർഷത്തിൽ അങ്കണവാടികളുടെ അനുപൂരക പോഷകാഹാരത്തിനായി കേന്ദ്രധനസഹായമായി ലഭ്യമായ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

| സ്രോതസ്സ് | വകയിരുത്തിയത് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| ജനറൽ | 7,50,000 | 7,33,596 | 16,404 |
| എസ്.സി.പി | 2,00,000 | 1,94,299 | 5,701 |
| ടി.എസ്.പി. | 50,000 | Nil | 50,000 |
| ആകെ | 10,00,000 | 9,27,895 | 72,105 |

മുന്നിരിപ്പ് ഉൾപ്പെടെ 31.03.2019ൽ പ്രസ്തുത ഫണ്ടിൽ നീക്കിയിരിപ്പായി 1154380രൂപ അവശേഷിക്കുന്നുണ്ട്. പ്രസ്തുത തുക 31.03.2019 വരെ അങ്കണവാടികളുടെ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചിട്ടില്ലായെന്ന് ഓഡിറ്റ് വേളയിൽ നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത ഫണ്ടിലെ ചെലവഴിക്കാത്ത നീക്കിയിരിപ്പ് അങ്കണവാടികൾക്കായി താഴെ പറയുന്ന പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനായി വിനിയോഗിക്കാവുന്നതാണ് :

1)കേന്ദ്രസഹായത്തിലെ ശേഷിക്കുന്ന തുക സ്വന്തമായി സ്ഥലമില്ലാത്ത അംഗണവാടികൾക്കും, സ്ഥലം ലഭ്യമാക്കി കെട്ടിടം നിർമ്മിക്കുവാനും വിനിയോഗിക്കാവുന്നതാണ്.

2)കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുവാനും, കുട്ടികൾക്കുള്ള കളിക്കോപ്പുകളും, പാത്രങ്ങൾ/സംഭരണികൾ എന്നിവ ലഭ്യമാക്കുവാനും പ്രസ്തുത തുക വിനിയോഗിക്കുവാൻ മുൻഗണന നൽകേണ്ടതാണ്.

# 1-19 ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതം - ലാബ് റിപ്പോർട്ട്.

ഗ്രാമ പഞ്ചായത്ത് പോഷകാഹാര വിതരണത്തിനായി ലാബ് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സ്വീകരിച്ച് വരുന്ന കാലയളവ്.

ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകൾ 2018-19 സാമ്പത്തിക വർഷത്തിൽ 07.05.2018 ലെ 36/2017 നം. കത്ത് പ്രകാരം ഒരു തവണ മാത്രമെ ചെന്നയിൽ സ്ഥിതി ചെയ്യുന്ന ലാബിലേക്ക് അയച്ചിട്ടുള്ളൂ.ആയതിനുള്ള ലാബ് റിപ്പോർട്ട് 6.7.2018 ന് പോസിറ്റീവായി ലഭ്യമായിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 18.12.2010 ലെ ICDS.ബി.3-312/2010 നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫീസർമാർക്ക് ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി തൃപ്തികരമാണെന്നുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.കൂടാതെ സാമ്പിളുകൾ തൃപ്തികരമല്ല എന്നാണ് ലാബ് റിപ്പോർട്ടെങ്കിൽ ഭക്ഷ്യ മിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത കുടുമ്പശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും അറിയിച്ചിട്ടുണ്ട്.ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകളുടെ ലാബ് റിപ്പോർട്ട് അനുവദനീയമായ സമയപരിധിയായ ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.ആയതിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുമാണ്.തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

# 1-20 ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ പ്രവർത്തനം- അവലോകനം.

2018-19 സാമ്പത്തിക വർഷത്തിൽ അകത്തേത്തറ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ 26അങ്കണവാടികൾ പ്രവർത്തിച്ച് വരുന്നുണ്ട്.ഇവയിൽ 26 വർക്കറും, 26ഹെൽപ്പറും സേവനമനുഷ്ഠിച്ച് വരുന്നുണ്ട്.

2018-19 സാമ്പത്തിക വർഷത്തിൽ കൂടിയ സാമൂഹ്യക്ഷേമ വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനായുള്ള തീരുമാനങ്ങൾ സ്വീകരിച്ചിട്ടുള്ളതായി വ്യക്തമായിട്ടുണ്ട്:

1)അങ്കണവാടികളിൽ ആവശ്യമായ ഫർണീച്ചർ ലഭ്യമാക്കുക.

2)ചില സെന്ററുകളിൽ ഷീറ്റ് ഇടൽ, ടൈൽസ് ഇടൽ, എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

3)കുളിമുറികൾ, ഭിത്തി തേക്കൽ, എന്നിവയില്ലാത്ത അങ്കണവാടികൾക്ക് പ്രസ്തുത സൗകര്യങ്ങൾ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

4)സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലവും, കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടവും ലഭ്യമാക്കുക.

5)അങ്കണവാടികൾക്കുള്ള അറ്റകുറ്റ പണികൾ നിർവ്വഹിക്കുക.

സ്ത്രീകളുടേയും, കുട്ടികളുടേയും വികസന മിനിട്സ് പ്രകാരം താഴെ പറയുന്ന തീരുമാനങ്ങളും സ്വീകരിച്ചിട്ടുണ്ട് :

1)സ്ഥലം ഇല്ലാത്ത അങ്കണവാടികൾക്ക് സ്ഥലവും, കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടവും, അനുവദിക്കുക.

2)ഫാൻ സൗകര്യമില്ലാത്ത വൈദ്യുതി കണക്ഷനുള്ളവർക്ക് പെഡസ്റ്റൽ ഫാൻ സ്ഥാപിച്ച് നൽകുക.

3)മഴവെള്ള സംഭരണികളിൽ വെള്ളം ശേഖരിക്കുവാനുള്ള സൗകര്യം ഒരിക്കുക.

4)വാഷ് ബേസിൻ, കുടിവെള്ളം, വൈദ്യുതി കണക്ഷൻ, ചുറ്റ് മതിൽ, സ്റ്റെയർ കേസ്, എന്നിവയില്ലാത്ത അങ്കണവാടികൾക്ക് ആയതിനുള്ള സംവിധാനം ഒരുക്കുക.

മേൽ സൂചിത തീരുമാനങ്ങൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും അങ്കണവാടികൾക്ക് താഴെ പറയുന്ന അടിസ്ഥാന സൗകര്യങ്ങൾ നിലവിലില്ലായെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ രേഖാമൂലം അറിയിച്ചിട്ടുണ്ട് :

| നം. | അടിസ്ഥാന വിവരങ്ങൾ | വിശദാംശം |
|---|---|---|
| 1 | അങ്കണവാടികളുടെ എണ്ണം | 26 |
| 2 | സ്വന്തമായി കെട്ടിടമില്ലാത്ത സെന്ററുകളുടെ എണ്ണം | 10 |
| 3 | ഫിറ്റനസ് സർട്ടിഫിക്കറ്റ് ലഭിച്ച സെന്ററുകളുടെ എണ്ണം | ഇല്ല. |

| | | |
|---|---|---|
| 4 | ഗ്യാസ് കണക്ഷൻ ഇല്ലാത്തവയുടെ എണ്ണം | ഇല്ല. |
| 5 | ഫിറ്റനസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത സെന്ററുകളുടെ എണ്ണം | 26 |
| 6 | വൈദ്യുതി ഇല്ലാത്തവയുടെ എണ്ണം | 3 |
| 7 | ഫാൻ ഇല്ലാത്തവ | 3 |
| 8 | ബേബി ഫ്രണ്ട്ലി ടോയ്‌ലെറ്റ് ഇല്ലാത്തവ | 26 |
| 9 | ശുദ്ധജല സംഭരണികൾ ഇല്ലാത്തവ | ഇല്ല.നിലവിലുള്ളത് ഉപയോഗ ശൂന്യമാണ്. |
| 10 | ചുറ്റ് മതിൽ ഇല്ലാത്തവ | 6 |
| 11 | കമ്പ്യൂട്ടർ ലഭിച്ചിട്ടുള്ള അങ്കണവാടികളുടെ എണ്ണം | 1 |
| 12 | ധാന്യ സംഭരണികൾ ഇല്ലാത്തവ | ഇല്ല. |
| 13 | വാടകയ്ക്കെടുത്ത അങ്കണവാടികളുടെ എണ്ണം | 8 |
| 14 | വൈറ്റ് വാഷിംഗ് നടത്തിയുടെ സെന്ററുകളുടെ എണ്ണം | ഇല്ല. |
| 15 | വാടകയില്ലാതെ പ്രവർത്തിക്കുന്നവയുടെ എണ്ണം | 2 |

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

സർക്കുലർ നം. 31055/ഡി.സി.2/2011/ത.സ്വ.ഭ.വ 22/3/11 പ്രകാരം അങ്കണവാടികളുടെ അറ്റകുറ്റപണികൾ നടത്തുവാനും, സുരക്ഷിതത്വ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനും പഞ്ചായത്ത് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് സർക്കാർ താഴെപറയും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് :

1.പഞ്ചായത്തിന്റെ അധീനതയിലുള്ള അങ്കണവാടികളുടെ വാർഷിക അറ്റകുറ്റപണികൾ എല്ലാ വർഷവും ഏപ്രിൽ, മെയ് മാസങ്ങളിലായി പൂർത്തിയാക്കേണ്ടതാണ്.

2.വൈറ്റ് വാഷിംഗ്, പെയിന്റിംഗ്, ചുറ്റമതിൽ എന്നിവയുടെ കേടുപാടുകൾ തീർത്ത് പെയിന്റിംഗ് നടത്തി ആവശ്യമായ സന്ദേശങ്ങൾ എഴുതേണ്ടതാണ്.

3.സെന്ററുകൾ വാടകയ്ക്ക് പ്രവൃത്തിച്ച് വരുന്നു. ഭൗതിക സൗകര്യങ്ങൾ ലഭ്യമായ സുരക്ഷിതത്വമുള്ള കെട്ടിടങ്ങൾ മാത്രമെ അങ്കണവാടികൾക്കായി വാടകയ്ക്കെടുക്കുവാൻ പാടുള്ളൂ.

4.വൈദ്യുത കണക്ഷൻ ഇല്ലാത്തതും, ബേബി ഫ്രൻണ്ടലി ടോയലറ്റും, ഫാനിലാത്തതും, ആവശ്യമെങ്കിൽ ആയയും ലഭ്യമാക്കുവാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ICDS സൂപ്പർവൈസർ എന്നിവരെ ഉൾപ്പെടുത്തി പഞ്ചായത്തിലെ അങ്കണവാടികളുടെ അവസ്ഥാവിശകലനം നടത്തേണ്ടതാണ്.ആയതിന്റെ അടിസ്ഥാനത്തിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനുള്ള പരിഹാര നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

# 1-21 സാന്ത്വന ചികിത്സാ പദ്ധതി - അവലോകനം

| | |
|---|---|
| പ്രൊജക്റ്റ് നം. | SO145/19 |
| പേര് | പാലിയേറ്റീവ് കെയർ |
| അടങ്കൽ | 6,30,000/-(വികസന ഫണ്ട്) |
| ബിൽ നം./തിയ്യതി | ചെലവ് |
| 1/18-19/23/8/18 | 1,21,740/- |
| 4/18-19/14/11/18 | 64,480/- |
| 6/18-19/14/11/18 | 29,680/- |
| 11/18-19/29/12/18 | 33,560/- |
| 12/18-19/8/03/19 | 25,900/- |
| 13/18-19/8/3/19 | 48,450/- |
| 14/18-19/26/3/19 | 1,74,143/- |
| ആകെ | 4,97,953/- |

ഗുരുതരമായ രോഗ ബാധിതർക്ക് ആരോഗ്യ വകുപ്പ്, തദ്ധേശസ്വയം ഭരണ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നീ വിഭാഗങ്ങളുടെ സംയുക്തമായ പ്രവർത്തനങ്ങളിലൂടെ രോഗികൾക്ക് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുവാനാണ് സാന്ത്വന ചികത്സ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.സ.ഉ (സാധാ) നം.3217/2015 ത.സ്വ.ഭ.വ തീയതി 29.10.15 പ്രകാരം പദ്ധതി നിർവ്വഹണത്തിനായുള്ള പുതുക്കിയ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. രോഗ ബാധിതരുടെ വീട്ടുകൾ സന്ദർശിച്ച് കൊണ്ട് നടപ്പിലാക്കുന്ന ഹോം കെയർ സംവിധാനമാണ് പ്രധാന പ്രവർത്തനം.

പഞ്ചായത്തിന്റെ സാന്ത്വന ചികിത്സാ പ്രവർത്തനങ്ങളുടെ രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു

1. പ്രധാന പ്രവർത്തനങ്ങൾ

നിലവിൽ 87 രോഗികളെയാണ് ഹോം കേയർ സംവിധാനത്തിലൂടെ പരിചരിച്ച് വരുന്നത്. രാവിലെ 9.00 മണി മുതൽ വൈകീട്ട് 4.00 മണി വരെ ശരാശരി 6 മുതൽ 10 വരെയുള്ള രോഗബാധിതരുടെ വീട് സന്ദർശിച്ചാണ് പരിചരണം നടത്തി വരുന്നത്. 9 പേർ അടങ്ങുന്ന മെമ്പർമാരും, 2 ആശാ വർക്കർമാരും, 2മെഡിക്കൽ ഓഫീസർമാരും, ഹെൽത്ത് സ്റ്റാഫും, വളണ്ടിയർമാരും അടങ്ങുന്നവരാണ് പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി.മെഡിക്കൽ ഓഫീസറായ ഡോക്ടർ രാമകൃഷ്ണൻ പി.എസ്. ആണ് നിർവ്വഹണ ഉദ്യോഗസ്ഥൻ. കരാർ അടിസ്ഥാനത്തിൽ ശ്രീമതി ടി.എം.ഉമയെ ഒരു വർഷത്തേക്ക് കമ്മ്യൂണിറ്റി നഴ്സായി തെരഞ്ഞെടുത്തിട്ടുണ്ട്. പരിചരണ പ്രവൃത്തനങ്ങളിൽ ഹാജരാകുന്നതിനായി ഹോണറേറിയമിനത്തിൽ ഇവർക്ക് 15,000/- രൂപ നൽകി വരുന്നുണ്ട്.അനുവദനീയമായ ലീവിനേക്കാൾ കൂടുതലെടുത്താൽ ഹോണറേറിയത്തിൽ ആനുപാതികമായി കുറവ് വരുത്തുന്നുണ്ട്.പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി 3 മാസം കൂടുമ്പോൾ പ്രവർത്തനം അവലോകനം ചെയ്ത് അടുത്ത 3 മാസത്തിലേക്കുള്ള തീരുമാനം എടുക്കേണ്ടതാണെന്ന് ബന്ധപ്പെട്ട സർക്കാർ ഉത്തരവ് നിഷ്കർഷിക്കുന്നു.2018-19വർഷത്തിൽ 3 തവണ മാത്രമെ യോഗം ചേർന്നിട്ടുള്ളൂ. ഭക്ഷണം, ഓണറേറിയം, വാഹന വാടക എന്നിവയ്ക്കാണ് വികസന ഫണ്ട് കൂടുതലായി ചെലവഴിച്ചിട്ടുള്ളത്. എറ്റവും അവശരായ രോഗ ബാധിതർക്ക് ആവശ്യമായ വാട്ടർ ബെഡ്, എയർ ബെഡ്, വാക്കർ എന്നിവ പ്രൊജക്ട് മുഖേന വാങ്ങുന്നില്ല.സന്നദ്ധ സംഘടനയുടെ സഹായത്തോടേയാണ് പ്രസ്തുത അനുബന്ധ ഉപകരണങ്ങൾ ലഭ്യമാക്കുന്നത്.

2.ട്രിപ്പ് ഷീറ്റിന്റെ അടിസ്ഥാനത്തിലല്ല വാഹന വാടക നൽകി വരുന്നത്

പാലിയേറ്റീവ് ഹോം കേയർ ആവശ്യങ്ങൾക്കായി നാളിത് വരെ സ്വന്തമായി വാഹനം ലഭ്യമായിട്ടില്ല. വാടകയ്ക്ക് ലഭ്യമാക്കുന്ന വാഹനത്തിലൂടെയാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. വാഹന വാടകയ്ക്ക് സർക്കാർ അനുവദിച്ച പരമാവധി നിരക്ക് താഴെ ചേർക്കുന്നു :

| Kilometers (up & down) | പരമാവധി തുക |
|---|---|
| 15-24 | 800 |
| 25-34 | 900 |
| 35-44 | 1000 |
| 45 കി.മി. കൂടുതൽ | 1100 |

| | |
|---|---|
| പ്രൊജക്ട് നം. | S00145/19 |
| പേര് | പാലിയേറ്റീവ് കെയർ |
| അടങ്കൽ | 6,30,000/- (വികസന ഫണ്ട്) |
| ബിൽ നം./തീയതി | ചെലവ് |
| | |

| | |
|---|---|
| 4/18-19/14/11/18 | 64,480/- |

പിഎച്ച്.സി.യുടെ പ്രവൃത്തന പരിധിയിലുള്ള പാലിയേറ്റീവ് ഹോം കേയറിന്റെ ഗൃഹ സന്ദർശത്തിനായി ജനകീയാസൂത്രണ പദ്ധതിയുടെ പ്രൊജക്റ്റ് നം.S00145/18 പ്രകാരം വാഹനം വാടകയ്ക്കെടുക്കുവാൻ ക്വട്ടേഷനുകൾ ക്ഷണിച്ചിട്ടുണ്ട്.

പ്രതി ദിവസം 1,000/- രൂപ എന്ന നിരക്കിൽ ഏറ്റവും കുറവ് തുക ക്വോട്ട് ചെയ്ത എം.പ്രകാശ് എന്ന വ്യക്തി സമർപ്പിച്ച ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട്.വാഹന നമ്പർ kl -9-Z-6385 ടാറ്റാ സുമോ എന്ന ടാക്സി ആണ് സ്ഥിരമായി വാടകയ്ക്ക് എടുത്തിട്ടുള്ളത്.പ്രസ്തുത നടപടിക്ക് 1.4.2018 മുതൽ 31.03.2019 വരെ അനുമതി നൽകിയിട്ടുണ്ട്.

<u>3. വകയിരുത്തിയ തുകയുടെ ചെലവ് ശതമാനം</u>

പദ്ധതിക്കായി 6,30,000 രൂപ വകയിരുത്തിയിട്ടുണ്ട്.ആയതിന്റെ 79% ചെലവഴിച്ചിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി, പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി എന്നിവയുടെ യോഗങ്ങൾ കൃത്യമായി ചേരുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2. മോണിറ്ററിംഗ് സംവിധാനം ശക്തമാക്കുന്നതോടൊപ്പം രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

3. വാഹന വാടക അനുവദനീയമായ നിരക്കിൽ നിന്നും അധികരിച്ച് നൽകിയത് നിർണ്ണയിക്കുവാൻ ഭാവിയിൽ ട്രിപ്പ് ഷീറ്റ് മുഖേന വാടകയ്ക്കെടുക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. വാടകയിനത്തിൽ ചെലവ് കുറയ്ക്കുവാനായി സന്നദ്ധ സംഘടനകളുടെ സഹായം തേടുന്നതിനുള്ള സാധ്യത പരിഗണിക്കാവുന്നതാണ്.

5.പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖയായ ജി.ഒ(ആർ.ടി) 553/2019/ ത.സ്വ.ഭ.വ തിയതി 7.3.19 ലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

6. ആവശ്യകത വിലയിരുത്തി മാത്രം തുക വകയിരുത്തേണ്ടതും ആയതിൽ നിന്നു പരമാവധി തുക ചെലവഴിക്കേണ്ടതുമാണ്.

# 1-22 ഗുണഭോക്താവിന് നൽകിയ ആനുകൂല്യം അപേക്ഷയിലെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് കാണുന്നില്ല.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ഭിന്നശേഷിക്കാരായ

കുട്ടികൾക്ക് സ്കോളർഷിപ്പ് (ജില്ല, ബ്ലോക്ക് സംയുക്തം) എന്ന S0058/19 പ്രൊജക്റ്റ് പ്രകാരം 7,20,000/- രൂപ അടങ്കലായി വകയിരുത്തി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.അടങ്കലിന്റെ വിശദാംശങ്ങൾ :

| സ്രോതസ്സ് | അടങ്കൽ |
|---|---|
| വികസന ഫണ്ട് | 3,50,000/- |
| തനത് ഫണ്ട് | 2,00,000/- |
| ബ്ലോക്ക് പഞ്ചായത്ത് | 1,00,000/- |
| ജില്ല പഞ്ചായത്ത് | 70,000/- |
| ആകെ | 7,20,000/- |

ചെലവിന്റെ വിശദവിവരങ്ങൾ :

| ബിൽ നം./തീയതി | ചെലവ് |
|---|---|
| 15/18-19/16/11/2018 | 1,59,600/- |
| 16/18-19/16/11/2018 | 82,400/- |
| 20/18-19/11/01/2019 | 82,700/-ലഭ്യമാക്കിയിട്ടുണ്ട്. |
| 22/18-19/28/01/2019 | 25,300/- |
| ജില്ല ഫണ്ട് | 67,600/- |
| ജില്ല ഫണ്ട് | 2,400/- |
| ബ്ലോക്ക് ഫണ്ട് | 1,00,000/- |
| തനത് ഫണ്ട് | 2,00,000/- |
| ആകെ | 7,20,000/- |

23.03.2019 ലെ SB/XY No.5822504 ചെക്ക് മുഖേന തനത് ഫണ്ടും, ബ്ലോക്കും, ജില്ലയിലേയും സംയുക്തമായി ലഭ്യമായ ഫണ്ടും, ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ 799011400002186 അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്.

ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് നൽകുവാനായി വിഭാവനം ചെയ്ത പ്രസ്തുത പദ്ധതി പ്രകാരം തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ അപേക്ഷയോടൊപ്പം സമർപ്പിച്ച ബാങ്ക് അക്കൗണ്ടിലെ നമ്പറുകളിൽ നിന്നും വ്യത്യസ്തമായാണ് ട്രഷറി ബിൽ പ്രകാരമുള്ള അക്കൗണ്ട് നമ്പറുകൾ എന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.ആയതിൻ പ്രകാരം തുക ട്രാൻസ്ഫർ ചെയ്തിന്റെ വിശദവിവരങ്ങൾ :

| ഗുണഭോക്താക്കളുടെ പേര് | അപേക്ഷയിലെ അക്കൗണ്ട് നം. | ട്രഷറി ബില്ലിലെ അക്കൗണ്ട് നമ്പർ | തുക |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| പവിത്ര.എം | 478902120000349 | 478902010204792 | 7,000/- |
| സലീന.അബ്ദുൾ റിഹിമാൻ | 478902010207376 | 478902010200265 | 13,500/- |
| രാരീത്.ആർ | 478902010204803 | 555461(യൂണിയൻ ബാങ്ക് അഡ്രസ്സ്) | 7,000/- |

ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിനുള്ള രസീതിയും ഫയലിൽ സൂക്ഷിച്ച് കാണുന്നില്ല.വിശദീകരണം രേഖാമൂലം 28.11.2019 ലെ അന്വേഷണ നം.15 പ്രകാരം ആവശ്യപ്പെട്ടിരുന്നു.മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

പട്ടികയിൽ ഉൾപ്പെടുത്തിയ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമാക്കിയതിനാധാരമായ ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്കിന്റെ അസ്സൽ പകർപ്പ് ലഭ്യമാക്കി പദ്ധതി വിഹിതം ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തതിന്റെ തെളിവിനായി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.അല്ലാത്ത പക്ഷം തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

# 1-23 അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റുകൾ നിർവ്വഹിച്ചിട്ടില്ല.

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം അംഗീകാരം ലഭ്യമാക്കിയതിന് ശേഷം നിർവ്വഹിച്ചിട്ടില്ല. വിശദവിവരങ്ങൾ :

I)

| | |
|---|---|
| പ്രൊജക്റ്റ് നം. | S0069/19 |
| പേര് | ബയോഗ്യാസ് പ്ലാന്റ് |
| ധനകാര്യ കമ്മീഷൻ അവാർഡ് | 1,68,000/- |
| മറ്റുള്ളവ | 1,68,000/- |
| അടങ്കൽ | 3,36,000/- |

II)

| | |
|---|---|
| പ്രൊജക്റ്റ് നം. | S0297/19 |
| പേര് | കിച്ചൻ ബിൻ |
| വികസന ഫണ്ട് | 15,000/- |
| തനത് ഫണ്ട് | 375/- |
| മറ്റുള്ളവ | 15,375/- |

| | |
|---|---|
| അടങ്കൽ | 30,750/- |

III)

| | |
|---|---|
| പ്രൊജക്റ്റ് നം. | SO196/19 |
| പേര് | ബക്കറ്റ് കംബോസ്റ്റ്. |
| ധന കാര്യ കമ്മീഷൻ അവാർഡ് | 37,400/- |
| മറ്റുള്ളവ | 39,270/- |
| അടങ്കൽ | 76,670/- |

<u>പ്രസ്തുത പദ്ധതികൾ നിർവ്വഹിക്കാത്തതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ നല്കിയ വിശദീകരണം.(24.11.2019ലെ അന്വേഷണ നം.8)</u>

പദ്ധതികൾക്കായി 14 ഗുണഭോക്താക്കളേയാണ് ഭരണസമിതി അംഗീകരിച്ച് വി.ഇ.ഒ ക്ക് നിർവ്വഹണത്തിനായി കൈമാറിയിട്ടുള്ളത്.സാമ്പത്തിക വർഷാവസാനത്തിലാണ് തെരഞ്ഞെടുത്ത ഗുണഭോക്താക്കളിൽ ബയോഗ്യാസ് പ്ലാന്റിനായി 4 പേരും, കിച്ചൻ ബിൻ എന്ന പദ്ധതിക്കായി 3 പേരും ഗുണഭോക്തൃ വിഹിതം അടവാക്കിയിട്ടുള്ളത്.പദ്ധതി നിർവ്വഹണത്തിനായി IRTC യുമായി ബന്ധപ്പെട്ടപ്പോൾ സാമ്പത്തിക വർഷാവസാനമായതിനാൽ കിച്ചൻ ബിന്നും, ബയോഗ്യാസ് പ്ലാന്റും വിതരണം ചെയ്യാൻ സാധ്യമല്ലായെന്ന് IRTC അറിയിച്ചതിനാൽ പദ്ധതി ഉപേക്ഷിക്കപ്പെട്ടതായി വി.ഇ.ഒ. രേഖാമൂലം വിശദീകരിച്ചിട്ടുണ്ട്.

ബക്കറ്റ് കംബോസ്റ്റ് പദ്ധതിക്കുള്ള ഗുണഭോക്താക്കൾ ആരും തന്നെ താല്പര്യം പ്രകടിപ്പിക്കാത്തതിനാൽ പ്രസ്തുത പദ്ധതിയും ഉപേക്ഷിക്കപ്പെട്ടതായി അറിയിച്ചിട്ടുണ്ട്.

IV)

| | |
|---|---|
| പ്രൊജക്റ്റ് നം. | SO157/19 |
| പേര് | കല്യാണമണ്ഡത്തിൽ പൾമണൈസർ |
| വികസന ഫണ്ട് | 82,000/- |
| അടങ്കൽ | 82,000/- |

<u>പദ്ധതി നിർവ്വഹിക്കാത്തതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ നല്കിയ വിശദീകരണം.(അന്വേഷണ നം.8)</u>

പദ്ധതി നടപ്പിലാക്കുന്നതിനായി വകയിരുത്തിയ തുകയായ 82,000/- രൂപ കൊണ്ട് വിപണിയിൽ നിന്നും പൾമണൈസർ വാങ്ങാൻ പറ്റാത്ത സാഹചര്യമായതിനാൽ പദ്ധതി ഉപേക്ഷിക്കപ്പെട്ടു.

V)

| | |
|---|---|
| പ്രൊജക്റ്റ് നം. | S0161/19 |
| പേര് | ടൈലറിംഗ് യൂണിറ്റ് |
| വികസന ഫണ്ട് | 6,00,000/- |
| അടങ്കൽ | 6,00,000/- |

VI)

| | |
|---|---|
| പ്രൊജക്റ്റ് നം. | S0162/19 |
| പേര് | തുണി സഞ്ചി നിർമ്മാണ യൂണിറ്റ് |
| വികസന ഫണ്ട് | 2,25,000/- |
| അടങ്കൽ | 2,25,000/- |

VII)

| | |
|---|---|
| പ്രൊജക്റ്റ് നം. | S0165/19 |
| പേര് | അരി മാവ് നിർമ്മാണ യൂണിറ്റ് |
| വികസന ഫണ്ട് | 50,000/- |
| അടങ്കൽ | 2,25,000/- |

VIII)

| | |
|---|---|
| പ്രൊജക്റ്റ് നം. | S0193/19 |
| പേര് | പട്ടിക ജാതി വനിതകൾക്ക് ടൈലറിംഗ് യൂണിറ്റ്. |
| വികസന ഫണ്ട് | 3,00,000/- |
| അടങ്കൽ | 3,00,000/- |

പദ്ധതി ഉപേക്ഷിക്കപ്പെട്ട സാഹചര്യം

നിർവ്വഹണത്തിനായി കുടുംബശ്രീ മുഖേന ഗുണഭോക്താക്കളെ വിവരം അറിയിച്ചിരുന്നെങ്കിലും ഒരു ഗുണഭോക്താവും താൽപ്പര്യം പ്രകടിപ്പിക്കാത്തതിനാൽ പദ്ധതി നടപ്പിലാക്കാൻ സാധ്യമായില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)പദ്ധതി ആസൂത്രണ നടപടികൾ പ്രകാരം പ്രാരംഭ ഘട്ടത്തിൽ തന്നെ ഗുണഭോക്താക്കളെ ഗ്രാമ സഭയിലൂടെ തെരഞ്ഞെടുത്തതിന് ശേഷം പദ്ധതി നിർവ്വഹണം സുഗമമാക്കുന്നതിന് ഇവരുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതോടൊപ്പം, ഗുണഭോക്തൃ വിഹിതം ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങളും സമയബന്ധിതമായി നിർവ്വഹിക്കേണ്ടതാണ്.

2)പദ്ധതി സമയബന്ധിതമായും, സുഗമമായും നടത്തുവാനുള്ള സാധ്യത വിലയിരുത്തുകയും, പൂർത്തീകരണം വരെ ഘട്ടം, ഘട്ടമായി മോണിറ്ററിങ്ങിലൂടെ കാര്യക്ഷമത ഉറപ്പ് വരുത്തേണ്ടതുമാണ്.

3)പ്രാരംഭ ഘട്ടത്തിൽ തന്നെ നിർവ്വഹണത്തിന്റെ പ്രവർത്തന കലണ്ടർ തയ്യാറാക്കുകയും, ആയതിൻ പ്രകാരം ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കേണ്ടതുമാണ്.

4)പ്രൊജക്റ്റ് ഉപേക്ഷിക്കപ്പെട്ടാൽ 2019-20ൽ കാറ്റഗറി 1 ലെ പ്രൊജക്റ്റായി സ്പ്പിലോവറിൽ ഉൾപ്പെടുത്തുവാൻ സാധ്യമാവുകയില്ല.കാറ്റഗറി 2 പദ്ധതിയിൽ ഉൾപ്പെടുത്തിയാൽ 2019-20 ലെ ബജറ്റ് വിഹിതത്തിൽ നിന്നും തുക കുറവാകുകയും ചെയ്യും.ആയതിനാൽ പദ്ധതി നിർവ്വഹണം പൂർത്തിയാവുന്നത് വരെ ഉദ്ദേശലക്ഷ്യങ്ങൾ പൂർണ്ണമായി കൈവരിക്കപ്പെടുന്നുണ്ടെന്ന് വർക്കിംഗ് ഗ്രൂപ്പ് ഉറപ്പ് വരുത്തേണ്ടതാണ്.

ഭാവിയിൽ പദ്ധതികൾ ഉപേക്ഷിക്കപ്പെടുവാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കുകയും, ആയതിന് ഓഡിറ്റ് നിർദ്ദേശങ്ങൾ പ്രവർത്തികമാക്കുവാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-24 പട്ടികജാതി കോളനിയിലേക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

പ്രോജക്റ്റ് നം. – 140/19

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ - 375000/-( വികസന ഫണ്ട് - എസ്.സി.പി)

ചെലവ് -375000/-

ട്രഷറി ബിൽ നം. - 34/18-19, 375000/15-02-19

പൈപ്പ് ലൈൻ കണക്ഷൻ എത്താത്ത പട്ടികജാതി കോളനികളിലേക്ക് പൈപ്പ് ലൈൻ വലിക്കുന്നതിന് വേണ്ട ചെലവ് കേരള വാട്ടർ അതോറിറ്റിയെക്കൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കി തുക ഡെപ്പോസിറ്റ് ആയി ഒടുക്ക് വരുത്തി പ്രവൃത്തി ചെയ്യാനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. പൈറ്റാംകുന്ന് മുതൽ പഴമ്പുള്ളി വരെ ഭാഗത്തേക്ക് പൈപ്പ് ലൈൻ വലിക്കുന്നതിന് LSGD അസിസ്റ്റന്റ് എഞ്ചിനിയറുടെ സ്കെച്ചിന്റെ അടിസ്ഥാനത്തിൽ മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് പട്ടികജാതി വികസന ഓഫീസറിൽ നിന്നും ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരം ടി പ്രവൃത്തിക്ക് 740000/- രൂപ ചെലവ് വരുന്നുണ്ട്. ടി പദ്ധതി നടപ്പാക്കുന്നതിനായി മേൽ സൂചിപ്പിച്ച ട്രഷറി ബിൽ പ്രകാരം 2018-19 സാമ്പത്തിക വർഷത്തിൽ 375000/- രൂപ പിൻവലിച്ച് കേരള വാട്ടർ അതോറിറ്റിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ ഫണ്ട്

ലഭ്യതക്കനുസരിച്ചാണ് തുക വകയിരുത്തിയതെന്നും 2019-20 സാമ്പത്തിക വർഷത്തിൽ ടി പദ്ധതിക്ക് വേണ്ടി 234800/- രൂപ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെന്നും പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലെന്നും ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ പറഞ്ഞിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും പൂർത്തിയാകുന്ന മുറയ്ക്ക് ഫൈനൽ ബില്ലിന്റെ പകർപ്പും പെർഫോമൻസ് റിപ്പോർട്ടും പൂർത്തീകരണ സർട്ടിഫിക്കറ്റും ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം. 16/28-11-19)

# 1-25 കന്നുകുട്ടി പരിപാലനത്തിന് ബില്ലിംഗ് മെഷീൻ വാങ്ങൽ - ക്വട്ടേഷൻ നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല.

പ്രോജക്ട് നം. – 46/19

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

അടങ്കൽ - 12000/-(മെയിന്റൻസ് ഫണ്ട് നോൺ റോഡ്)

ചെലവ് - 12000/-

ട്രഷറി ബിൽ നം. - 2/18-19, 12000/29-09-2018

പദ്ധതി പ്രകാരം ബില്ലിംഗ് മെഷീൻ panacea associates, പടായ്ക്കൽ, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ നടപടി ക്രമങ്ങൾ പാലിക്കാതെ നേരിട്ടാണ് വാങ്ങിയിട്ടുള്ളത്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി) നം. 259/2010/ത.സ്വ.ഭ.വ ,തി. 08-11-2010 പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് 5000/- രൂപയ്ക്ക് മുകളിലും 25000/- രൂപയിൽ താഴെയും വിലയുള്ള സാധനങ്ങൾ ക്വട്ടേഷൻ മുഖേനയാണ് വാങ്ങേണ്ടത്. തുടർന്നുള്ള വർഷങ്ങളിൽ മാർഗ്ഗരേഖ പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ച് കൊണ്ട് പദ്ധതികൾ നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-26 കന്നുകുട്ടി പരിപാലനം (വനിത) പദ്ധതി – വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട് നം. – 18/19

നിർവ്വഹണ ഉദ്യോഗസ്ഥ - വെറ്ററിനറി സർജൻ

അടങ്കൽ - 1250000/-

ചെലവ് -312500/-

ട്രഷറി ബിൽ നം. - 1/18-19, 312500/29-09-2018

പദ്ധതി നടപ്പാക്കുന്നതിനായി വെറ്ററിനറി സർജൻ 312500/- രൂപ 29-09-2018 തിയതിയിൽ അസി. ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, പാലക്കാട് ന്റെ STSB അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

# 1-27 സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ വിലയിരുത്തൽ.

കേരളത്തിലെ എല്ലാവർക്കും സുരക്ഷിത ഭവനം എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ രണ്ടാമത് ഘടകമാണ് വ്യക്തിഗത ഭവന നിർമ്മാണം.LIFE മിഷന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അംഗീകാരം ലഭ്യമാക്കിയ ഗുണഭോക്തൃ പട്ടികയിലെ എല്ലാ ഭൂമിയുള്ള ഭവന രഹിതർക്കും 2018-19 സാമ്പത്തിക വർഷത്തിൽ തന്നെ ഭവന നിർമ്മാണത്തിന് ധനസഹായം നൽകുക എന്നതാണ് പ്രധാന ലക്ഷ്യം.സ്വന്തമായി ഭൂമിയുള്ളവരും, വീടിനായി ഏതെങ്കിലും സർക്കാർ ധനസഹായ പദ്ധതിയുടെ ഗുണഭോക്താക്കളായി 2016 മാർച്ച് 31 ന് മുമ്പ് ഏതെങ്കിലും തദ്ദേശസ്വയഭരണ സ്ഥാപനങ്ങളുടേയൊ, ഇതര വകുപ്പുകളിൽ നിന്നും കരാറിൽ ഏർപ്പെടുകയോ ചെയ്ത് ആനുകൂല്യം കൈപ്പറ്റി ഭവന നിർമ്മാണം ആരംഭിച്ച് പൂർത്തിയാക്കാത്തവരെയാണ് ഈ വിഭാഗത്തിൽ ഗുണഭോക്താക്കളായി പരിഗണിക്കുന്നത്.

സ.ഉ(എം.എസ്)നം.151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്.

<u>ഗുണഭോക്തൃ മുൻഗണനാ നിർണ്ണയം</u>

ഭവനരഹിതരായ കുടുംബങ്ങളെ പട്ടികപ്പെടുത്തുമ്പോൾ ഇവർ അനുഭവിക്കുന്ന ക്ലേശഘടകങ്ങളുടെ തീവ്രതയനുസരിച്ച് റാങ്ക് ചെയ്ത് ക്രമപ്പെടുത്തി പഞ്ചായത്ത് തലത്തിൽ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.LIFE മിഷന്റെ കർമ്മ സമിതിയാണിത് തയ്യാറേക്കാണ്ടേത്.ഇത്തരത്തിൽ തെരെഞ്ഞെടുക്കുന്നവർക്ക് സർക്കാരിന്റേയൊ, പൊതുസമൂഹത്തിന്റേയോ കൈത്താങ്ങ് ആവശ്യമില്ലാത്ത വരാണെങ്കിൽ പട്ടികയിൽ നിന്നും ഒഴിവാക്കാവുന്നതാണ്.

<u>മുൻഗണന നിർണ്ണയിക്കുന്നതിനുള്ള അടിസ്ഥാനഘടകങ്ങൾ</u>

1)ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ കുടുബമായി പരിഗണിച്ച് ഒരു ഭവനത്തിനുള്ള അർഹരായി കണക്കാക്കാവുന്നതാണ്.

2)സർക്കാർ/അർദ്ധ സർക്കാർ /പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്ഥിര ജോലിക്കാരോ ഇത്തരം സ്ഥാപനത്തിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരായോ അംഗങ്ങളുള്ള കുടുബങ്ങളെ ഒഴിവാക്കേണ്ടതാണ്.

3)ഗ്രാമപഞ്ചായത്തിൽ 25 cent ലേറെ ഭൂമി സ്വന്തമായ കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

4)കുടുംബ വാർഷിക വരുമാനം 3 ലക്ഷത്തിലധികരിക്കരുത്.

5)സ്വകാര്യ ആവശ്യത്തിന് 4 ചക്ര വാഹനം സ്വന്തമായുള്ള കുടുബമായിരിക്കരുത്.

6)അവകാശികൾക്ക് വസ്തുഭാഗം ചെയ്ത സാഹചര്യത്തിൽ സ്വന്തം പേരിൽ സാങ്കേതികമായി ഭൂമിയില്ല എന്ന കാരണത്താൽ ഭൂരഹിതരായവർ ആനുകൂല്യത്തിന് അർഹരല്ല.

പ്രസ്തുത മാനദണ്ഡങ്ങൾക്കനുസൃതമായി തയ്യാറാക്കിയ പട്ടികയിലെ ഏതെങ്കിലും ഗുണഭോക്താവിന് ആനുകൂല്യത്തിന് അർഹതയില്ലായെന്ന് നിർവ്വഹണ ഉദ്ധ്യോഗസ്ഥന് ബോദ്ധ്യപ്പെടുന്ന പക്ഷം അവരെ ഒഴിവാക്കാവുന്നതാണ്.

<u>യൂണിറ്റ് നിരക്ക്</u>

<u>സ.ഉ.(സാധാ)നം.3875/2017 ത.സ്വ.ഭ.വ തീയതി 30.11.2017</u>

1)2017-18സാമ്പത്തിക വർഷം മുതൽ ജനറൽ , പട്ടികജാതി എന്നീ വിഭാഗങ്ങളിലും തോട്ടം-മത്സ്യ ബന്ധന മേഖലകളിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണത്തിന് ഗുണഭോക്താവിന് 4 ലക്ഷം രൂപയാണ് ധനസഹായം നൽകുക.

2)പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനുള്ള യഥാർത്ഥ നിർമ്മാണ ചെലവ് ജില്ലാ സാങ്കേതിക സമിതി നിശ്ചയിക്കുന്ന അടിസ്ഥാനത്തിലാണ് ധനസഹായം നൽകുന്നത്.

3)2016-17 വർഷത്തിൽ ഭവന നിർമ്മാണം ആരംഭിച്ച ക്രമ.നം.1 ൽ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് 4 ലക്ഷം രൂപ എന്ന നിരക്കിൽ ആനുപാതിക സാമ്പത്തിക നർദ്ധനവും, പട്ടിക വർഗ്ഗത്തിലുൾപ്പെട്ടവർക്ക് ജില്ലാ സാങ്കേതിക സമിതി നിശ്ചയിക്കുന്നതിന്റെ അടിസ്ഥാനത്തിൽ യഥാർഥ നിർമ്മാണ ചെലവും ധനസഹായമായി നൽകും.

ഒന്നാം ഗഡു വിതരണം ചെയ്ത തിയ്യതി മുതൽ 6 മാസം കൊണ്ട് വീട് നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്.400 ചതുരശ്ര അടി (37.16 ച.മി) തറ വിസ്തീർണ്ണമുള്ള ഭവന നിർമ്മാണമാണ് പദ്ധതി ലക്ഷ്യമിടുന്നത്.

2018-19 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിവരം താഴെ ചേർക്കുന്നു.

<u>ലൈഫ് മിഷന്‌റെ ഒന്നാം ഘട്ടം</u>

ഗുണഭോക്താക്കളുടെ വിശദവിവരങ്ങൾ :

| | |
|---|---|
| ജനറൽ | 5 |
| പട്ടിക ജാതി | 5 |
| പട്ടിക വർഗ്ഗം | - |
| ആകെ | 5 |

ആകെ ഗുണഭോക്താക്കളിൽ 4 പേർ കരാർ ചമച്ചിട്ടുണ്ട്.4 പേർ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.ജനറൽ വിഭാഗത്തിന് 2,35,000/- രൂപയും, പട്ടിക ജാതിക്കായി 5,56,946/- രൂപയും നൽകിയിട്ടുണ്ട്.തെരഞ്ഞെടുത്ത ഗുണഭോക്താക്കളിൽ താഴെ പറയുന്ന 2 ഗുണഭോക്താക്കൾ കരാറിൽ ഏർപ്പെട്ടിട്ടില്ല :

1)സുനിത w/o ആറുമുഖൻ, അച്ചൻകുളം (SC)

2)പത്മിനി, w/o കോമ്പുക്കുട്ടിവർമ്മ, വടക്കേത്തറ അകത്തേറ (ജനറൽ).

മോണിറ്ററിംഗ് നടപടിക്രമങ്ങളുടെ ഭാഗമായി MIS ൽ പുരോഗതി രേഖപ്പെടുത്തി വരുന്നുണ്ട്.ഭവന പുരോഗതിയുടെ അടിസ്ഥാനത്തിൽ ഗഡുക്കളായി തുക നൽകി വരുന്നുണ്ട്.ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ബന്ധപ്പെട്ട വെബ്സൈറ്റിൽ രേഖപ്പെടുത്തി വരുന്നുണ്ട്.

<u>ഗ്രാമ പഞ്ചായത്തിൽ ലൈഫ് മിഷന്റെ രണ്ടാം ഘട്ടമാണ് നിലവിൽ നടന്ന് കൊണ്ടിരിക്കുന്നത്.</u>

പ്രസ്തുത ഘട്ടത്തിന്റെ ഭാഗമായി നടത്തിയ സർവ്വെ പ്രകാരം ഭൂമിയുള്ള ഭവനരഹിതരായി താഴെ പറയുന്ന രീതിയിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുള്ളത്.

| | |
|---|---|
| ജനറൽ | 117 |
| പട്ടിക ജാതി | 08 |
| പട്ടിക വർഗ്ഗം | - |
| ആകെ | 125 |

<u>a) ലൈഫ് മിഷൻ ഭവന പദ്ധതി - (43/19)-ജനറൽ</u>

<u>നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ</u>

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട് | 33,17,000 | 33,17,000 |
| ബ്ലോക്ക് പഞ്ചായത്ത് | 8,00,571 | 8,00,571 |
| ജില്ലാ പഞ്ചായത്ത് | 10,87,391 | 10,83,000 |
| മറ്റുള്ളവ | 4,75,95,038 | 1,57,57,863 |

| | | |
|---|---|---|
| ആകെ | 52,8,00,000 | 2,09,58,434 |

വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ഗഡു | ഗുണഭോക്താക്കളുടെ എണ്ണം | ഗഡു സംഖ്യ | ആകെ |
|---|---|---|---|
| I | 117 | 40,000 | 46,80,000 |
| II | 107 | 1,60,000 | 1,71,20,000 |
| 111 | 71 | 60,000 | 42,60,000 |
| 1V | 78 | 40,000 | 31,20,000 |
| V | 38 | 1,00,000 | 38,00,000 |
| | ആകെ | | 3,29,80,000 |

പ്രസ്തുത പദ്ധതിയിലുൾപ്പെട്ട 58 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.ഇവരിൽ 15 പേർക്ക് കെട്ടിട നമ്പർ നൽകിയിട്ടുണ്ട്.

<u>b) പദ്ധതി - ലൈഫ് മിഷൻ ഭവന പദ്ധതി ( 50/19)-(പട്ടിക ജാതി</u>)

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട്(എസ്.സി.പി) | 14,82,200 | 14,40,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2,11,764 | nil |
| മറ്റുള്ളവ | 35,06,036 | nil |
| ആകെ | 52,00,000 | 14,40,000 |

| ഗഡു | ഗുണഭോക്താക്കളുടെ എണ്ണം | ഗഡു സംഖ്യ | ആകെ |
|---|---|---|---|
| I | 8 | 40,000 | 3,20,000 |
| II | 7 | 1,60,000 | 11,20,000 |
| III | 6 | 1,00,000 | 6,00,000 |
| IV | 1 | 1,00,000 | 1,00,000 |
| V | 3 | 50,000 | 1,50,000 |
| VI | 1 | 60,000 | 60,000 |
| | | | |

| | | | |
|---|---|---|---|
| | ആകെ | | 23,50,000 |

പട്ടിക ജാതിയിലുൾപ്പെട്ട 3 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.ഒരു ഗുണഭോക്താവിന് കെട്ടിട നമ്പർ നൽകിയിട്ടുണ്ട്.

ഹഡ്കോ ലോൺ ലഭ്യമായതിന്റേയും ചെലവിന്റേയും വിവരം

2018-19 ൽ 1,57,57,863/-രൂപ ഹഡ്കോയിൽ നിന്നു KURDFC മുഖേന വായ്പ ലഭ്യമായിട്ടുണ്ട്.പ്രസ്തുത വായ്പ ഒലവക്കോട്ടിലെ SBI യിൽ ആരംഭിച്ചിട്ടുള്ള 38071446687 എന്ന അക്കൗണ്ടിലാണ് നിക്ഷേപിച്ച് വരുന്നത്. ഗഡുക്കളായി ഗുണഭോക്താക്കൾക്ക് തുക നൽകേണ്ടി വരുന്ന സാഹചര്യത്തിൽ V.E.O നല്കി വരുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ പ്രസ്തുത അക്കൗണ്ടിൽ നിന്നും ഐ.എഫ്,എസ് മുഖേന തുക കൈമാറുകയാണ് ചെയ്ത് വരുന്നത്.വിശദവിവരങ്ങൾ :

| തീയതി | HUDCO (ഗഡുക്കൾ) | തുക |
|---|---|---|
| 7/01/19 | I | 73,57,863 |
| 2/04/19 | II | 84,00,000 |
| 29/06/19 | III | 56,21,566 |
| | ആകെ | 2,13,79,429 |

വായ്പയുടെ തിരിച്ചടവ് ആരംഭിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) സർക്കാർ വിഹിതം

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം സർക്കാരിൽ നിന്നും ഈയിനത്തിൽ ഒന്നും തന്നെ ലഭിച്ചിട്ടില്ല.

2)ഭവന നിധി രൂപീകരിച്ചിട്ടില്ല

ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സ്വീകരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങുവാൻ നിർദ്ദേശിച്ചിരുന്നു. 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്നും ഭവന നിർമ്മാണത്തിനായി തുക അനുവദിക്കുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.പഞ്ചായത്തിൽ അത്തരത്തിൽ ഒരു ഭവനനിധി രൂപീകരിക്കാവുന്നതാണ്.

3)സംഭാവന സ്വീകരിക്കൽ

പഞ്ചായത്തിന്റെ പ്രവർത്തന മേഖലയിലുള്ള തൊഴിലാളികൾ, ഉദ്യോഗസ്ഥർ, കച്ചവടക്കാർ എന്നിവരിൽ നിന്നും ഒരു ദിവസത്തെ വേതനം/വരുമാനം ഭവന നിധിയിലേക്ക് സംഭാവനയായി ഗ്രാമപഞ്ചായത്തിന് ശേഖരിക്കാവുന്നതാണ്.

2018-19 സാമ്പത്തക വർഷത്തിൽ സംഭാവനയൊന്നും തന്നെ ലഭ്യമായിട്ടില്ല.പദ്ധതിയുടെ സുഗമമായ നിർവ്വഹണത്തിനായി അനുവദിക്കുന്ന സർക്കാർ ധനസഹായം മതിയാകാത്ത സാഹചര്യങ്ങളിൽ മേൽ സ്രോതസ്സുകളിലൂടെ ധനസമാഹരണം നടത്തുവാൻ നടപടികൾ സ്വീകരിക്കാവുന്നതാണ്.

2)മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

1)ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണത്തിന്റെ പൂർണ്ണമായ മേൽ നോട്ടം സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും. നോഡൽ ഓഫീസറായി അസ്സിസ്റ്റന്റ് സെക്രട്ടറിയെ നിയോഗിക്കാവുന്നതാണ്.

2)നിർവ്വഹണ ഉദ്യോഗസ്ഥരുടെ പരിശോധന റിപ്പോർട്ട് ലഭ്യമാവുന്ന മുറയ്ക്ക് ധന സഹായം അനുവദിക്കാവുന്നതാണ്.ഇത്തരത്തിലുള്ള സ്റ്റേജ് റിപ്പോർട്ട് ലഭിച്ച് 7 ദിവസത്തിനുള്ളിൽ ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് തുക കൈമാറാവുന്നതാണ്.

3)ഭവന നിർമ്മാണത്തിന്റെ ആരംഭം മുതൽ മൊബൈൽ അപ്ലിക്കേഷനിലൂടെ ജിയോ ടാഗ്ഗംഗ് നടത്തി, അന്തിമ ഗഡു നൽകുമ്പോഴും ഗുണഭോക്താവിനെ വീടിന് മുമ്പിൽ നിർത്തി മൊബൈലിലൂടെ ഫോട്ടോകൾ എടുത്ത് പ്രസ്തുത ടാഗ്ഗിംങ്ങ് നടത്തേണ്ടതാണ്.

മേൽ പ്രതിപാദിച്ച രീതിയിലുള്ള മോണിറ്ററിംഗ് ഘടകങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.

3)LIFE പദ്ധതിയുടെ മാർഗ്ഗ രേഖയനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയുടെ മാർഗ്ഗരേഖയ്ക്കനുസരിച്ചും, കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിലും പദ്ധതിയുടെ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

തുടർ നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-28 മാഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവൃത്തനങ്ങളുടെ വിലയിരുത്തൽ.

2018-19 സാമ്പത്തിക വർഷത്തിൽ മാഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ആകെ രജിസ്റ്റർ ചെയ്ത 2423 കുടുംബങ്ങളുണ്ട്. ഇവർക്കെല്ലാം തന്നെ തൊഴിൽ കാർഡുകൾ ലഭിച്ചവരാണ്.ഇവയിൽ സ്പിലോവറായി 582 പദ്ധികൾക്കുള്ള അംഗീകാരം ലഭ്യമായിട്ടുണ്ട്.പ്രസ്തുത പ്രൊജക്റ്റുകൾക്കായി 12,26,62,435/-രൂപ അടങ്കലായി

വകയിരുത്തിയിട്ടുണ്ട്.725പദ്ധതികളാണ് 2018-19 സാമ്പത്തിക വർഷത്തിൽ നിർവ്വഹിച്ചിട്ടുള്ളത്.ആയതിൽ 297 എണ്ണം പൂർത്തിയാക്കപ്പെട്ടിട്ടുണ്ട്.തൊഴിലുറപ്പ് പദ്ധതിയിലൂടെ 1,016 കുടുംബങ്ങൾ തൊഴിൽ ആവശ്യപ്പെട്ടിട്ടുണ്ട്.ഇവർക്കെലാം തന്നെ തൊഴിൽ ലഭിച്ചിട്ടുമുണ്ട്.ആയതിൽ 316 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുണ്ട്.ഇവയിൽ സാധന സാമഗ്രികൾ ആവശ്യമുള്ള 3 പ്രവൃത്തികളും, ഇവയ്ക്കായി 8,83,000/- രൂപ മെറ്റീരിയൽസിനത്തിലുള്ള ചിലവും വന്നിട്ടുണ്ട്.പദ്ധതി പ്രകാരം തൊഴിൽ ആവശ്യപ്പെട്ടതിന് ശേഷം തൊഴിൽ ലഭ്യമാവാത്തവരും, തൊഴിൽ രഹിത വേതനം നൽകപ്പെടാത്തവരുമായി ആരുമില്ല.തൊഴിൽ സ്ഥലങ്ങളിൽ അപകടം സംഭവിക്കുകയോ ആയതിന് പ്രതിവിധി സ്വീകരിക്കുവാനായി തുക ചിലവഴിക്കുകയോ ചെയ്തിട്ടില്ല.നിലവിൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട് പരാതി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്.തൊഴിൽ സ്ഥലങ്ങളിൽ പ്രവൃത്തികളുടെ വിവരം കാണിക്കുന്ന ബോർഡ് സ്ഥാപിക്കുന്നുണ്ട്.2018-19 സാമ്പത്തിക വർഷത്തിൽ സ്ഥിര ആസ്തികൾ സൃഷ്ടിക്കപ്പെട്ടതിന്റെ വിശദവിവരങ്ങൾ :

1)കല്ലുംപറമ്പ്കുന്നുകാട് കുണ്ടൻ ചിറതോട് സംരക്ഷണം.

2)അത്തിമഠം സ്കൂൾ പിൻവശം ചാൽനിർമ്മാണം സ്ലാബിടൽ.

സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം :

1)ചന്ദ്രൻ കൊക്കർണ്ണി നിർമ്മാണം.

2)ആറാട്ട് ബംഗ്ലാവ് കുളം.

3)ശോഭന രാജൻ കൃഷി സ്ഥലം കുളം.

പദ്ധതി മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടേയും ചെലവഴിച്ച തുകകളുടേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

| പ്രവൃത്തികളുടെ പേര് | നടപ്പിലാക്കിയത് | ചെലവഴിച്ച തുക |
|---|---|---|
| മണ്ണ് - ജല സംരക്ഷണം | 15 | 35,49,150 |
| വരൾച്ച തടയൽ | 9 | 1,58,400 |
| ചെറുകിട ജലസേചനം | 8 | 28,45,425 |
| വെള്ളപ്പൊക്ക നിയന്ത്ര നിവാരണ പ്രവർത്തനങ്ങൾ | 30 | 6,61,7,050 |
| മറ്റ് ചെലവുകൾ | 245 | 2,54,9,542 |
| ഭൂവികസനം | 20 | 23,36,675 |
| പരമ്പരാഗത ജലസ്രോതസുകളുടെ പുനരുദ്ധാരണം | 6 | 3,95,175 |

| | | |
|---|---|---|
| ആകെ | 333 | 18,45,1,417 |

മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവൃത്തനങ്ങൾ നല്ല രീതിയിൽ നിർവ്വഹിച്ച് വരുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.

# 1-29 അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ- പൊതുവായ കാര്യങ്ങൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെയും പൂർത്തിയാക്കി ബിൽ തുക നൽകിയതിന്റെയും ചെലവഴിച്ച തുകയുടെയും വിശദ വിവങ്ങൾ ചുവടെ ചേർക്കുന്നു.

| | സ്പിൽ ഓവർ | പുതിയത് | ആകെ |
|---|---|---|---|
| അംഗീകാരം ലഭിച്ചത് | 33 | 66 | 99 |
| പൂർത്തിയാക്കി ബിൽ തുക അനുവദിച്ചത് | 25 | 35 | 60 |

23.3.19 മുതൽ 29.3.2019 വരെയുള്ള കാലഘട്ടത്തിൽ ട്രഷറിയിൽ സമർപ്പിച്ച 13 ബില്ലുകൾ ക്യൂ ബിൽ ആയി 2019-20ൽ മാറിയിട്ടുണ്ട്. ആകെ 73 പ്രൊജക്ടുകൾ പൂർത്തിയാക്കി ട്രഷറിയിൽ ബിൽ സമർപ്പിച്ചിട്ടുണ്ടായിരുന്നു.

ചെലവഴിച്ച തുകയുടെ വിവരം:

| ഫണ്ടിനം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 2010354 | 684330 | 34.04 |
| വികസന ഫണ്ട് (എസ്.സി.പി) | 1436491 | 1416578 | 98.61 |
| വികസന ഫണ്ട് (ടി.എസ്.പി.) | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 5099010 | 3298950 | 64.7 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 294000 | 0 | 0 |

| | | | |
|---|---|---|---|
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 7837864 | 2815732 | 35.92 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 4330548 | 1694206 | 39.12 |
| തനത് ഫണ്ട് | 1510452 | 1144809 | 75.79 |
| ആകെ | 22518719 | 11054605 | 49.09 |

ഏറ്റെടുത്ത പ്രവൃത്തികളിൽ 61%പൂർത്തീകരിച്ചപ്പോൾ വകയിരുത്തിയ തുകയുടെ 49.09% മാത്രമാണ് ചെലവഴിക്കാനായത്. ത്രിതല പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്കായി തയ്യാറാക്കപ്പെട്ട ബഡ്ജറ്റ് മാന്വലിലെ സമയക്രമമനുസരിച്ച് തുടർ വർഷങ്ങളിൽ പദ്ധതി ആവിഷ്കരിച്ച് സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പൂർണ്ണമായും ചെലവഴിച്ച് ഗ്രാമ പഞ്ചായത്തിന്റെ സുസ്ഥിര വികസനം ഉറപ്പാക്കാൻ സമയബന്ധിതമായി പ്രൊജക്ടുകൾ പൂർത്തീകരിക്കേണ്ടത് അനിവാര്യമാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ പ്രൊജക്ട് ആവിഷ്കരിക്കുമ്പോൾ സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

i)ഗ്രാമ പഞ്ചായത്ത് ഓഫീസിലോ എഞ്ചിനീയറിങ് വിഭാഗത്തിലോ ഗ്രാമ പഞ്ചായത്തിന്റെ അധീനതയിൽ ഉള്ള റോഡുകളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

സർക്കാർ ഉത്തരവ് (കൈ)നം. 11/2018/ത.സ്വ.ഭ.വ തീയതി: 29.01.2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖ ഖണ്ഡിക 7/13(1) നിർദ്ദേശിക്കും പ്രകാരം റോഡ് കണക്ടിവിറ്റി പ്ലാൻ, റോഡ് കണക്ടിവിറ്റി ഭൂപടം ഇവയും തയ്യാറാക്കിയിട്ടില്ല. ഖണ്ഡിക 7.13(5)ൽ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ റോഡ് രജിസ്റ്ററിലുള്ള റോഡുകൾ മാത്രമേ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കാൻ പാടുള്ളൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ റോഡ് രജിസ്റ്റർ, റോഡ് കണക്ടിവിറ്റി പ്ലാൻ, റോഡ് കണക്ടിവിറ്റി ഭൂപടം ഇവ തയ്യാറാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണം. റീ ടാറിങ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പ്രസ്തുത റോഡ് ടാർ ചെയ്ത വർഷം/അവസാനമായി റീ ടാറിങ് നടത്തിയ വർഷം ഇവ സൂചിപ്പിക്കേണ്ടതാണ്.

ii) സർക്കാർ ഉത്തരവ് (കൈ)നം. 11/2018/ത.സ്വ.ഭ.വ തീയതി: 29.01.2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖ ഖണ്ഡിക 7/13(12)ൽ ഗുണമേൻമയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശഭരണ സ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരണ്ടിയോടു കൂടി നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അകത്തേത്തറ ഗ്രാമ പഞ്ചായത്തിൽ ഇത്തരത്തിൽ ഒരു ശ്രമം നടത്തിയിട്ടില്ല. പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ പദ്ധതി മാർഗനിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കണം.

# 1-30 കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പ്രകാരം പണി സ്ഥലത്ത്

## സ്ഥാപിക്കേണ്ട ബോർഡ് നിർബന്ധമായും സ്ഥാപിക്കണം:

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം.17ൽ പഞ്ചായത്ത് നടത്തുന്ന പൊതുമരാമത്ത് പണിയുടെ സംക്ഷിപ്ത വിവരം അടങ്ങിയ ഒരു നോട്ടീസ് അതത് പണിസ്ഥലത്ത് പ്രകടമായി കാണാവുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിച്ചിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ 1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പ്രകാരം ആയിരിക്കണം നിർമ്മാണപ്രവൃത്തികളുടെ നിർവ്വഹണം നടത്തേണ്ടത് എന്ന് പരാമർശിച്ചിട്ടുണ്ട്.

29.03.2017ലെ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നം.72/2017/ത.സ്വ.ഭ.വ ഖണ്ഡിക6.6(5)ൽ നിർമ്മാണ പ്രവൃത്തികളുടെ പൊതുവിവരങ്ങൾ അടങ്ങുന്ന ബോർഡ് പ്രവൃത്തിസ്ഥലത്ത് സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറും കരാറുകാരനും ഒപ്പുവെക്കുന്ന കരാറിന്റെ ഖണ്ഡിക 26ൽ പ്രവൃത്തി സ്ഥലത്ത് വിവരങ്ങൾ കാണിക്കുന്ന ബോർഡ് സ്ഥാപിക്കുന്നതാണെന്ന് കരാറുകാരൻ സമ്മതിക്കുന്നുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് 2018-19ൽ പൂർത്തീകരിച്ച സ്പിൽ ഓവർ പ്രവൃത്തികളുടെ നിർവ്വഹണ സ്ഥലത്ത് ചട്ടപ്രകാരമുള്ള എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി ബോർഡ് സ്ഥാപിച്ചതായി കാണുന്നില്ല. 2018-19ൽ ആവിഷ്കരിച്ച പുതിയ പദ്ധതികളുടെ നിർവ്വഹണ പ്രദേശത്ത് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പ്രൊജക്റ്റിന്റെ പേരും അടങ്കലും മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം-17 പ്രകാരം ഉൾപ്പെടുത്തേണ്ട വിവരങ്ങൾ താഴെ പറയുന്നവയാണ്.

1. പ്രവൃത്തിയുടെ പേര്.

2. പ്രവൃത്തി നിർവ്വഹിക്കുന്നത് നേരിട്ടോ, കരാർ മുഖേനയോ, ഗുണഭോക്തൃക്കമ്മറ്റി മുഖേനയോ എന്നത്.

3. കരാറുകാരന്റെ / ഗുണഭോക്തൃക്കമ്മറ്റി കൺവീനറിടേയും നിർവ്വഹണക്കമ്മറ്റി അംഗങ്ങളുടേയും പേരും വിലാസവും.

4. എസ്റ്റിമേറ്റ് തുകയും പൂർത്തീകരണ കാലയളവും.

5. പ്രവൃത്തി ആരംഭിക്കുന്ന തീയതിയും പൂർത്തീകരിക്കുന്ന തീയതിയും.

6. പ്രവൃത്തിക്കാവശ്യമായ സാധന സാമഗ്രികളുടേയും അവയുടെ ഗുണനിലവാരത്തിന്റെയും അവ എവിടെനിന്ന് എങ്ങനെ കൊണ്ടുവരും എന്നതിന്റെയും വിവരം.

7. കരാറുകാരന് അനുവദിച്ച ടെണ്ടർ നിരക്ക്.

8. ഗ്രാമ പഞ്ചായത്ത് നേരിട്ടോ ഗുണഭോക്തൃക്കമ്മറ്റി മുഖേനയോ നടപ്പാക്കുന്ന പ്രവൃത്തികളുടെ കാര്യത്തിൽ സാധന സാമഗ്രികളുടെ മാർക്കറ്റ് നിരക്ക്, ആവശ്യമായ തൊഴിലാളികളുടെ എണ്ണം, കൂലി നിരക്ക് തുടങ്ങിയ വിവരങ്ങൾ.

9. ഈ പ്രവൃത്തിക്കായി അനുവദിച്ച മുൻകൂർ തുകയുടെ വിവരം.

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം-17ൽ പറയും

പ്രകാരമുള്ള മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തി പ്രവൃത്തി സ്ഥലത്ത് ബോർഡ് സ്ഥാപിക്കേണ്ടതുമാണ്.

# 1-31 ബിറ്റുമെൻ ബാരൽ വില ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കണം:

2018-19 വർഷം ബിൽ തുക നൽകിയ ടാറിങ്ങ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമെൻ റേറ്റാണ് ഉൾപ്പെടുത്തിയിരുന്നത്. ഈ പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ബിറ്റുമെൻ ബാരൽവില ഈടാക്കിയിരുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/23-11-2019) "കരാറുകാരൻ ബിറ്റുമെൻ വാങ്ങുമ്പോൾ ബില്ലിൽ നിന്നും ബിറ്റുമെൻ വിലയോ, ബാരൽ വിലയോ ഈടാക്കേണ്ടതില്ല എന്നാണ് നമ്മൽ മനസിലാക്കിയിട്ടുള്ളത്" എന്നാണ് മറുപടി നൽകിയിരിക്കുന്നത്. പാക്ക്ഡ് ബിറ്റുമെൻ റേറ്റ് കരാറുകാരന് അനുവദിക്കുകയും ഒഴിഞ്ഞ ബാരലുകൾ കരാറുകാരൻ തിരിച്ചേൽപ്പിക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ അവസാന ബില്ലിൽ നിന്നും ബിറ്റുമെൻ ബാരൽ വില കുറവു ചെയ്യേണ്ടതായിരുന്നു. ഈയിനത്തിൽ കരാറുകാർക്ക് അധികം അനുവദിച്ച തുകയുടെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

1.

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 81/19: ശാന്തിനഗർ രണ്ടാം സ്ട്രീറ്റ് റോഡ് റീ ടാറിങ്ങ് |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.178000/- (FC Grant) |
| ചെലവു തുക/ ബിൽ നം. | ₹.177844/- (55/27.2.19) |
| ഉപയോഗിച്ച ബിറ്റുമെൻ | RS1- 149.60Kg, VG30-1376.42Kg |
| ആകെ ബാരലുകളുടെ എണ്ണം | 10 ബാരലുകൾ |
| അളവു പുസ്തകം | 31/18-19 |
| ഈടാക്കേണ്ട തുക | 10*250 = ₹.2500/- |
| കരാറുകാരൻ | കെ.രമണൻ |

2.

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 45/19: ഇ.എം.എസ്.നഗർ മൂന്നാം സ്ട്രീറ്റ് റോഡ് റീ ടാറിങ്ങ് & റീ കോൺക്രീറ്റിങ്ങ് |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹.215000/- (Plan- SCP) |
| ചെലവു തുക/ ബിൽ നം. | ₹.212366/- (56/27.2.19) |
| ഉപയോഗിച്ച ബിറ്റുമെൻ | RS1- 126Kg, VG30-1086Kg |
| ആകെ ബാരലുകളുടെ എണ്ണം | 8 ബാരലുകൾ |
| അളവു പുസ്തകം | 20/18-19 |

| | |
|---|---|
| ഈടാക്കേണ്ട തുക | 8*250 = ₹.2000/- |
| കരാറുകാരൻ | എ.ഷിജു |

₹.4500/- (നാലായിരത്തി അഞ്ഞൂറു രൂപ) ചരക്കു സേവന നികുതിയും ചേർത്ത് കരാറുകാരനിൽ നിന്നും ഈടാക്കി ഗ്രാമ പഞ്ചായത്തിൽ അടവാക്കേണ്ടതാണ്.

# 1-32 അകത്തേത്തറ അംഗൻവാടി കെട്ടിടം നിർമ്മാണം - നിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കണം.

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രൊജക്ടുകളിൽ പ്രൊജക്ട് നം.206/19: അകത്തേത്തറ അംഗൻവാടി കെട്ടിടം നിർമ്മാണം എന്ന പ്രവൃത്തിയുടെ അവസാന ബിൽതുകയായി ബിൽ നം.1/21.5.18 പ്രകാരം (ജില്ലാ ട്രഷറി പാലക്കാട്) വികസന ഫണ്ടിൽ നിന്നും (പൊതുവിഭാഗം സാധാരണ വിഹിതം) ₹.472476/- മാറിയിട്ടുണ്ട്. ₹.11,99,220/- ചെലവഴിച്ച നിർമ്മിച്ച കെട്ടിടത്തിന് ചോർച്ചയുള്ളതായി അസിസ്റ്റന്റ് എഞ്ചിനീയർക്കും ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ പരാതിയുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് കമ്മറ്റി നിയോഗിച്ച സബ് കമ്മറ്റിക്കും ബോധ്യപ്പെട്ടിട്ടുണ്ട്. 20.07.2019ന് കരാറുകാരൻ ശ്രീ.അബൂതാഹിർ .ഇ അസിസ്റ്റന്റ് എഞ്ചിനീയറുടെ മുമ്പാകെ അപാകത പരിഹരിക്കാൻ തയ്യാറാണെന്ന് ബോധിപ്പിച്ചിട്ടുണ്ട്. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പരിശോധനയ്ക്ക് ശേഷം അപാകം പരിഹരിക്കുന്ന പണി ആരംഭിച്ചാൽ മതി യെന്ന സബ്കമ്മറ്റിയംഗത്തിന്റെ അഭിപ്രായം അസിസ്റ്റന്റ് എഞ്ചിനീയർ 28.07.19ന് കരാറുകാരനെ അറിയിച്ചിട്ടുണ്ട്. നാളിതുവരെ അപാകത പരിഹരിക്കപ്പെട്ടിട്ടില്ല.

അളവു പുസ്തകം: 5,20,37,41/2017-18

2015-16ൽ പ്രൊജക്ട് നം 120/16: അകത്തേത്തറ അങ്കണവാടി നിർമ്മാണം എന്ന പേരിൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റിൽ നിന്നും ₹.12,00,000/- വകയിരുത്തി ആവിഷ്കരിച്ച ഈ പദ്ധതിക്കായി 57/29.3.16 പ്രകാരം കരാർ ഒപ്പു വെക്കുകയും 31.3.17നകം പൂർത്തിയാക്കാൻ ലക്ഷ്യമിട്ട പ്രവൃത്തി 6.3.18ൽ പൂർത്തിയാക്കുകയും ചെയ്തു. 29.7.17ന് പാർട്ട് ബില്ലും 21.5.18ൽ അവസാന ബില്ലും അനുവദിച്ചു. അവസാന ബില്ലിൽ നിന്നും കാല താമസത്തിനുള്ള പിഴ ഈടാക്കിയിട്ടുണ്ട്.

നിർമ്മാണത്തിലെ അപാകം എത്രയും പെട്ടെന്ന് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-33 താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ ഹാജരാക്കിയിട്ടില്ല.

2018-19 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്ടുകളിൽ പദ്ധതികളുടെ നടത്തിപ്പിനായി വിവിധ ഏജൻസികൾക്ക് മുൻകൂറായി നൽകിയ തുകകളുടെ ചെലവഴിച്ച് ചെലവു രേഖകളും

വിനിയോഗ സാക്ഷ്യ പത്രങ്ങളും ഹാജരാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | 204/19: ചെറാട് ഭാഗത്ത് സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനുള്ള തുക KSEBൽ നിക്ഷേപിക്കൽ | 33/15.11.18 | 43741 | 0 | 43741 |
| EE, PWD | 291/19: അംഗനവാടി കെട്ടിട നിർമ്മാണത്തിനുള്ള തുക PWDൽ ഡെപ്പോസിറ്റ് ചെയ്യൽ | 40/31.12.18<br>21800974/ 29.12.18 | 1400000<br>500000 | 0 | 1900000 |
| KSEB കൽപ്പാത്തി | 102/19: വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 42/19.1.19 | 2762 | 0 | 2762 |
| KSEB ഒലവക്കോട് | ടി | ടി | 179454 | 0 | 179454 |
| KSEB മലമ്പുഴ | ടി | ടി | 117361 | 0 | 117361 |
| KWA പാലക്കാട് | 171/19: കുടിവെള്ള കണക്ഷൻ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 54/15.3.19 | 299989 | | 299989 |

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച ശേഷം ചെലവുരേഖകളും വിനിയോഗ സാക്ഷ്യ പത്രങ്ങളും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

# 1-34 HPCLൽ നിന്നും തിരികെ കിട്ടാനുള്ള തുക ഈടാക്കണം.

പ്രൊജക്ട് നം. 205/19: വിവധ റോഡ് ടാറിങ്ങ് & റീ ടാറിങ്ങ് പ്രവൃത്തികൾക്ക് ടാർ വാങ്ങുന്നതിനുള്ള അധിക തുക നൽകൽ എന്ന സ്പിൽ ഓവർ പ്രൊജക്ട് പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി തനതുഫണ്ടിൽ നിന്നും ₹.143,828/- മാറി ₹.94328/- HPCLനും ₹.49500/- Hindcoalനും നൽകിയിരുന്നു. Hindcolൽ നിന്നും ഇൻവോയ്സ് നം.4207111168/12.3.19 പ്രകാരം ₹.49483/-

മൂല്യമുള്ള ബിറ്റുമെൻ കിട്ടിയിട്ടുണ്ട്. HPCLൽ നിന്നും ഇൻവോയ്സ്. നം.31833GI 188007699 പ്രകാരം ലഭിച്ച ബിറ്റുമെന്റെ വില ₹.89570/- ആണ്. ബാക്കി ₹.4758/- HPCLൽ നിന്നും ലഭിക്കാനുണ്ട്. ഈ തുക ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ട്രഷറിയിൽ നിന്നും തുക മാറിയതിന്റെ വിശദാംശങ്ങൾ

| ചെക്ക് നം. | തുക |
|---|---|
| 2180119/6.3.19 | 139,978 |
| 2180215/6.3.19 | 3,850 |

# 1-35 ആയുർവ്വേദ-വെറ്റിനറി ആശുപത്രികൾ, പി.എച്ച്.സി എന്നിവിടങ്ങളിൽ സ്ഥാപിക്കാനിരുന്ന മാലിന്യ പ്ലാന്റ് നാളിതുവരെ സ്ഥാപിച്ചിട്ടില്ല.

ഒരേ കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന ആയുർവ്വേദ-വെറ്റിനറി ആശുപത്രികൾക്കായി ഒന്നും പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ഒന്നും തുമ്പൂർമുഴി മോഡൽ മാലിന്റെ സംസ്കരണ പ്ലാന്റ് സ്ഥാപിക്കാനായി തനതു ഫണ്ടിൽ നിന്നും ₹.500,000/- IRTCക്ക് നൽകിയെങ്കിലും നാളിതുവരെ സ്ഥാപിച്ചിട്ടില്ല. പഞ്ചായത്ത് കല്ലാണ മണ്ഡപത്തിൽ സ്ഥാപിക്കേണ്ട ഓർഗാനിക്ക് ഷ്രെഡ്ഡിങ്ങ് മെഷീനും സ്ഥാപിച്ചിട്ടില്ല. ഇതിനായി ₹.459800/- ആണ് IRTCക്ക് നൽകിയത്. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

നിർവ്വഹണം: സെക്രട്ടറി

| പ്രൊജക്ട് നം./ പേര് | ചെലവ് തുക | ചെക്ക് നം. |
|---|---|---|
| 292/19: തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണം (ആയുർവ്വേദം, വെറ്റിനറി) | ₹.250,000 | 2180216/6.3.19 |
| 293/19: തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണം (പി.എച്ച്.സി) | ₹.250,000 | 2180217/6.3.19 |
| 294/19: ഓർഗാനിക്ക് ഷ്രെഡ്ഡിങ്ങ് മെഷീൻ (പഞ്ചായത്ത് കല്ലാണ മണ്ഡപം) | ₹.229900<br>₹.229900 | 2180215/6.3.19<br>2180294/27.3.19 |

മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സെക്രട്ടറിയും IRTCയും തമ്മിൽ 22.2.19ന് ഒപ്പുവെച്ച ധാരണാ പത്രത്തിൽ 3 മാസം സമയമാണ് പ്ലാന്റ് സ്ഥാപിക്കുന്നതിന് കണക്കാക്കിയിരിക്കുന്നത്.

പ്ലാന്റ് സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-36 പ്ലാസ്റ്റിക്ക് ഷ്രെഡിങ്ങ് മെഷീൻ സ്ഥാപിച്ചിട്ടില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രൊജക്ട് നം.295/19: പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിങ്ങ് മെഷീൻ (ശാസ്താ നഗർ) എന്ന പ്രൊജക്ട് പ്രകാരം 15HPഷ്രെഡ്ഡിങ്ങ് മെഷീൻ സ്ഥാപിക്കുന്നതിനായി ₹.519,372/- ക്ലീൻ കേരള മിഷന് നൽകിയിട്ടുണ്ട്. നാളിതുവരെ ഇത് സ്ഥാപിച്ചിട്ടില്ല. തുക ചെലവഴിച്ചതിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | ചെലവു തുക | ചെക്ക് നം. |
|---|---|---|
| കേന്ദ്രാവിഷ്കൃതം | 517275 | 21801290/27.3.19 |
| തനത് ഫണ്ട് | 2097 | 21801292/27.3.19 |

ഷ്രെഡ്ഡിങ്ങ് മെഷീൻ സ്ഥാപിച്ച് പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>ഭാഗം-2</u>

ഒന്നുമില്ല

<u>ഭാഗം-3</u>

ഒന്നുമില്ല

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 28.06.18 & 29.06.18 | കെ.എസ്.എ-പി.കെ.ഡി-21/997/2019(2)/26.08.2019 |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച

# ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 150000 | പാലിയേറ്റീവ് കേർ | 90110 | 59890 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 200000 | ഭവന പദ്ധതി | 0 | 200000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 439984 | ലൈഫ് മിഷൻ | 0 | 439984 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1012355 | ലൈഫ് മിഷൻ | 1010571 | 1784 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 400170 | ഉഴവു കൂലി | 400170 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 80000 | ആശ്രയ | 0 | 80000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 44037 | പാലിന് സബ്സിഡി | 44037 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 500000 | അങ്കണവാടി കെട്ടിടം | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 59600 * | വികലാംഗ സ്കോളർഷിപ്പ് | 59600 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 100000 | വികലാംഗ സ്കോളർഷിപ്പ് | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1915799 | ലൈഫ് മിഷൻ | 1083000 | 832799 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 88000 | പാലിന് സബ്സിഡി | 88000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 70000 | വികലാംഗ സ്കോളർഷിപ്പ് | 70000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 173970 | ഉഴവു കൂലി | 173970 | 0 |

* ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 159600/- വികലാംഗ സ്കോളർഷിപ്പിനായി വരവു വന്നിട്ടുണ്ടെങ്കിലും 100000/- മാത്രമാണ് സംയുക്ത പ്രൊജക്ടിനായുള്ള ഹെഡിൽ അക്കൗണ്ട് ചെയ്തിട്ടുള്ളത്.

ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകളുടെ യഥാർത്ഥ ചെലവ് ₹.2114378/-, ബാലൻസ് ₹.781658/-

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | 204/19: ചെറാട് ഭാഗത്ത് സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനുള്ള തുക KSEBൽ നിക്ഷേപിക്കൽ | 33/15.11.18 | 43741 | 0 | 43741 |
| EE, PWD | 291/19: അംഗനവാടി കെട്ടിട നിർമ്മാണത്തിനുള്ള തുക PWDൽ ഡെപ്പോസിറ്റ് ചെയ്യൽ | 40/31.12.18<br>213000914/ 29.12.18 | 1400000<br>500000 | 0 | 1900000 |
| KSEB കൽപ്പാത്തി | 102/19: വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 42/19.1.19 | 2762 | 0 | 2762 |
| KSEB ഒലവക്കോട് | ടി | ടി | 179454 | 0 | 179454 |
| KSEB മലമ്പുഴ | ടി | ടി | 117361 | 0 | 117361 |
| KWA | 171/19: കുടിവെള്ള കണക്ഷൻ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 54/15.3.19 | 299989 | | 299989 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും അനുവദിച്ചിട്ടില്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 15757863രൂപ വരവുണ്ട്. 15757863രൂപ വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | | 15757863 | 0 | 0 | 0 | 15757863 |
| ഇ.എം.എസ്. ലോൺ | G.O.(Rt) 427/10/lsgd/6.2.2010 | 13956000/- (9552110 പിൻവലിച്ചു) | 22110 | 22110 | 0 | 0 |

# 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല

# 4-7 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 2-8(a)<br>2-8(b) | 2006-07 | 3-6<br>4-1 | വരവിനങ്ങളിലെ ക്രമക്കേട് പണാപഹരണം | വരവ് നഷ്ടം പലിശ സഹിതം 142638/- രൂപ 09/2009 മുതൽ തവണകളായി റിക്കവറി നടത്തിയിട്ടുണ്ട്. സമിതി അന്തിമ |

| | | | | | |
|---|---|---|---|---|---|
| | | | | | തീർപ്പ് കൽപ്പിച്ചിട്ടില്ല. |
| 2012-13 | 3.3.16 | വിഷയാധിഷ്ഠിത അവലോകനം | 3.3.6 | ആരോഗ്യ മേഖല | തീർപ്പാക്കിയിട്ടില്ല |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 93972523.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 83175377.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 116094.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4500.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | ഇല്ല |

ഒന്നാം ഭാഗത്തെ ഖണ്ഡികകൾ പ്രകാരമുള്ള നഷ്ടം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 116094 | തുളസീധരൻ, സെക്രട്ടറി |
| 1-31 | 4500 | സ്മിത. എം, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 120594 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ | സ്ഥിരം |
|---|---|---|

| | | |
|---|---|---|
| | (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | മേൽവിലാസം |
| സ്മിത. എം, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, അകത്തേത്തറ ഗ്രാമ പഞ്ചായത്ത് | എക്സിക്യൂട്ടീവ് ക്വാർട്ടേർസ്, വി ഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, കോയമ്പത്തൂർ - 641105 |
| തുളസീധരൻ, സെക്രട്ടറി | അടാട്ട് ഗ്രാമ പഞ്ചായത്ത് തൃശ്ശൂർ ജില്ല | പുതുവൽ പുത്തൻവീട് സി.വി.ആർ. പുരം, ആരയൂർ പി.ഒ, തിരുവനന്തപുരം -122 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്ക്സ് | അവശേഷിക്കുന്ന പരാമർശങ്ങൾ |
|---|---|---|---|
| 1996-97 | എൽ.എഫ്.പി6-251/98/25-9-98 | ഫർദർറിമാർക്സ് | - |
| 1997-98 | എൽ.എഫ്.പി6-922/98/2-12-00 | ഫർദർറിമാർക്സ് | 24 |
| 1998-99 | എൽ.എഫ്.പി6-136/2000/17.6.00 | ഫർദർറിമാർക്സ് | 12 |
| 1999-00 | എൽ.എഫ്.പി6-1144/01/15-1-02 | ഫർദർറിമാർക്സ് | - |
| 2000-01 | എൽ.എഫ്.പി14-945/04/22-1-08 | ഫർദർറിമാർക്സ് | 18 |
| 2001-02 | എൽ.എഫ്.പി14-443/15/1-2-16 | ഫർദർറിമാർക്സ് | 11 |

| | | | |
|---|---|---|---|
| 2002-03 | എൽ.എഫ്.പി14-1070/2008/13-11-08 | ഫർദർറിമാർക്സ് | 12 |
| 2003-04 | എൽ.എഫ്.പി14-1071/2008/28-11-08 | ഫർദർറിമാർക്സ് | 8 |
| 2004-05 | എൽ.എഫ്.പി14-1072/2008/5-2-09 | ഫർദർറിമാർക്സ് | 8 |
| 2005-06 | എൽ.എഫ്.പി14-36/2011/ 31.0-3-11 | ഫർദർറിമാർക്സ് | 7 |
| 2006-07 | എൽ.എഫ്.പി14-37/2011/7-6-11 | ഫർദർറിമാർക്സ് | 10 |
| 2007-08 | എൽ.എഫ്.പി14-38/2011/24-1-11 | ഫർദർറിമാർക്സ് | 7 |
| 2008-09 | കെ.എസ്.എ-പി.കെ.ഡി. 14-212/16/ 27-10-2016 | കത്ത് | 2 |
| 2009-10 | എൽ.എഫ്.പി14-2088/2012/ 9.11.2012 | കത്ത് | 3 |
| 2010-11 | കെ.എസ്.എ-പി.കെ.ഡി.14-215/15/14.10.16 | ഫർദർറിമാർക്സ് | 6 |
| 2011-12 | എൽ.എഫ്.പി14-1787/2015/ 30-5-2016/22.8.16 | ഫർദർറിമാർക്സ് | 16 |
| 2012-13 | നം.കെ.എസ്.എ-പി.കെ.ഡി 14/ 303/16/18.10.16 | ഫർദർറിമാർക്സ് | 11 |
| 2013-14<br>2014-15 | നം.കെ.എസ്.എ-പി.കെ.ഡി 14/2264/16,29-03-2017 | ഫർദർറിമാർക്സ് | 8 |
| 2015-16 | നം.കെ.എസ്.എ.പി.കെ.ഡി. 14/210/2017/8.01.2018 | ഫർദർറിമാർക്സ് | 6 |
| 2016-17 | നംകെ.എസ്.എ.പി.കെ.ഡി. 847/2018/4.06.2018 | ഫർദർറിമാർക്സ് | 11 |
| 2017-18 | നം. കെ.എസ്.എ. പി.കെ.ഡി14/85/2019/2.3.2019 | റിപ്പോർട്ട് | 43 |

ഡെപ്യൂട്ടി ഡയറക്ടർ

# <u>അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം</u>

കെ.എസ്.എ-പി.കെ.ഡി-21/997/2019(2)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

ഫോൺ - 04912-520145, തീയതി.26.08.2019

ഇ-മെയിൽ - dopkd.ksad@kerala.gov.in

<u>സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പാഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ 31.03.2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു,

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ന്യൂനതകളുടെ സംഗ്രഹം

1) സഞ്ചയ പ്രകാരമുള്ള വസ്തുനികുതി (തൻവർഷം & കുടിശ്ശിക) ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സാംഖ്യ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല. സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളിൽ ബുക്ക് അഡ്ജസ്റ്റ്മെന്റ് ചെയ്തിട്ടുള്ള തുകകളുടെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല. 2018-19 വർഷത്തെ ഡി സി ബി നിലവിൽ പരിശോധിക്കുമ്പോൾ സഞ്ചയ സോഫ്റ്റ്വെയറിൽ വ്യത്യസപ്പെട്ടിട്ടുള്ളതായി കാണുന്നു.

2) വികസന ഫണ്ട്-ജനറൽ: വാർഷിക കണക്കിലെ വരവ് ചെലവ് തുകകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

ACR -₹.14210805

AFS -₹. 14224567

3) ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ റീകൺസിലിയേഷൻ, ബാങ്ക് ബുക്കുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

4) ട്രഷറി തനത് ഫണ്ട് അക്കൗണ്ട് വി.പി.എഫ്.എ1-2 എന്ന അക്കൗണ്ടിന്റെ പാസ്ബുക്ക്, റികൺസിലിയേഷൻ, ബാങ്ക് ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

5) MGNREGS- ഇൻകം & എക്സ്പെൻഡിച്ചറിലെ തുകകളും റെസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലെ തുകകളും യഥാർത്ഥ വരവ് ചെലവുമായി പൊരുത്തപ്പെടുന്നില്ല.

6) ലൈഫ് പദ്ധതിക്കായി എടുത്തിട്ടുള്ള ലോൺ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ലോൺ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. തിരിച്ചടവ് RP-45ൽ രേഖപ്പെടുത്തുന്നതിനു പകരം RP-16ലാണ് ചെലവ് രേഖപ്പെടുത്തുന്നത്.

7) വിവാഹധനസഹായം എന്നയിനത്തിലുള്ള ₹.120000/- യുടെ ചെലവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

8) സംയുക്ത പദ്ധതികൾ ഉൾപ്പെടെ വിവിധ പദ്ധതികൾക്കായി മറ്റ് സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള താഴെ പറയുന്ന ഇനങ്ങളിലുള്ള തുകകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

| ഇനം | ഹെഡ് കോഡ് |
|---|---|
| ഐ.സി.ഡി.എസ്. | 320100121 |
| വിമുക്തി | 320200301 |
| ബഡ്സ് സ്കൂൾ | 320300199 |
| ടി.എസ്.സി + എൻ.ആർ.ഇ.ജി. എസ്. | 320100105 |
| ബ്ലോക്ക് പഞ്ചായത്ത് | 320700204 |
| ജില്ലാ പഞ്ചായത്ത് | 320700205 |

9) ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള താഴെപ്പറയുന്ന ഇനങ്ങളിലെ തുകകളുടെ സംക്ഷിപ്തം വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

എ) ഹാൾസ് ആന്റ് ഓഡിറ്റോറിയം

ബി) സപ്ലൈയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ്

10) ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വേണ്ടി നിർവ്വഹണ ഏജൻസികൾക്ക് നൽകുന്ന തുകകൾ “Advance to implementing agencies” എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുന്നില്ല.

11) ലേലം ഇനത്തിൽ ₹.72273/-വരവുണ്ടെങ്കിലും ലേല രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

12) സ്റ്റോക്ക് രജിസ്റ്റർ വാല്യു ബേസ്ഡ് ആയി അക്കൗണ്ട് ചെയ്തിട്ടില്ല.

13) സചിത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ആസ്തി രജിസ്റ്ററിൽ ഡാറ്റാ എൻട്രി നടത്തിയിട്ടുണ്ടെങ്കിലും സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തി മൂല്യത്തിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA.PKD-21/997/2019(2)

Kerala State Audit Department,

District Audit Office, Palakkad,

Phone Number: 04912 520145,

Date.26.08.2019

email: dopkd.ksad@kerala.gov.in

## CERTIFICATE

Certified that 1 have examined the Annual Financial Statement of Akathethara Grama Panchayat for the year ended on 31.03.2019 in Palakkad District in accordance with Section 4 of the Kerala local Fund Audit Act 1994 the rules made there under and the guidelines issued by the Comptroller and the Auditor General of India for the Certification of Accounts of Panchayathi Raj Institutions.

In my opinion the financial Statement of Akathethara Grama Panchayat for the year 2018-19 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

Deputy Director

## Abstracts of defects / Discrepancies

1. Property tax in AFS is not in agreement with the figures shown in Sanchaya Software. The demand collection balance with respect to current and arrear accounts differs in sankya and sanchaya. There is no records to substantiate the book adjustments made in Sanchaya software, hence the authenticity could not be verified.

2. The expenditure of Plan Fund (General) does not agree with ACR.

3. The Bank/Treasury Reconciliation Statements not certified by the Secretary.

4. Pass books, Bank book & Reconciliation Statements of Treasury Own Fund Account VPFA 1-2 not produced for audit.

5. The actual receipts & payments of MGNREGS is not in agreement with the Receipts & Payments and Income & Expenditure Statements of AFS.

6. Loan Register for Life Mission is not prepared and maintained. Loan repayment is included in RP-16 instead of recording in RP.45 Schedule of AFS.

7. The Expenditure in respect of Marriage Assistance for of ₹.120000/- is not included in the AFS.

8. Receipt, expenditure and balance of the following items received from other institutions including Joint venture projects does not agree with the AFS

| Item | Head code |
|---|---|
| ICDS | 320100121 |
| Vimukthi | 320200301 |
| Buds School | 320300199 |
| T.S.C + NREGS | 320100105 |
| Block Panchayat | 320700204 |
| District Panchayat | 320700205 |

9. The figures of the following items in Deposit Register are not in agreement with AFS.

- Halls & Auditorium
- Suppliers Security Deposit

10. Expenses paid to implementing agencies for deposit works are not listed under the heading "Advance to Implementing Agencies."

11. The auction item had a receipt of ₹. 72273/-. But no details were recorded in the auction register.

12. Stock regester is not maintained as value based.

13. The data entry pertaining to asset register not linked to Sankya. Hence the correctness of the value of assets as per balance sheet could not be ascertained.

Deputy Director

# അനുബന്ധം 2 ധനകാര്യ പത്രികകൾ

| | | | |
|---|---|---|---|
| | **Akathethara Grama Panchayat<br>RECEIPT & PAYMENT<br>STATEMENT** | | |
| | For the period from 01-April-2018 to 31-March-2019 | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 3382728.00 |
| Cash | Cash | RP-40(a) | 51328.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 3818750.00 |
| 130000000 | Rental income from Panchayat Properties | RP-3 | 394500.00 |
| 140000000 | Fees & User Charges | RP-4 | 1115940.00 |
| 150000000 | Sale & Hire Charges | RP-5 | 177189.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 46990008.00 |
| 171000000 | Interest Earned | RP-9 | 75788.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 12500535.00 |
| 350000000 | Other Liabilities | RP-36 | 291095.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 393275.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 16220.00 |
| 330000000 | Secured Loans | RP-32 | 15757863.00 |
| 340000000 | Deposits Received | RP-34 | 417097.00 |
| 350000000 | Other Liabilities | RP-36 | 328093.00 |
| 360000000 | Provisions | RP-37 | 56206.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 7918299.00 |
| 460000000 | Loans, Advances and Deposits | RP-47 | 287609.00 |
| | **Grand total** | | **93972523.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 5623875.00 |
| 220000000 | Administrative Expenses | RP-12 | 1089596.00 |
| 230000000 | Operations & Maintenance | RP-13 | 4335181.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 3789090.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 33419287.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 3032097.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 329038.00 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 231047.00 |
| 255000000 | Maintenance Projects | RP-20 | 9130689.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 5000.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 114299.00 |

| | | | |
|---|---|---|---|
| 280000000 | Prior Period item | RP-26 | 555157.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7650592.00 |
| 350000000 | Other Liabilities | RP-36 | 5237090.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 158.00 |
| 280000000 | Prior Period Item | RP-26 | -31549.00 |
| 340000000 | Deposits Received | RP-34 | 421449.00 |
| 350000000 | Other Liabilities | RP-36 | 2507093.00 |
| 410000000 | Fixed Assets | RP-38 | 2283445.00 |
| 412000000 | Capital work in Progress | RP-40 | 2430104.00 |
| 420000000 | Investments | RP-41 | 0.0 |
| 430000000 | Stock-in-hand | RP-42 | 110555.00 |
| 460000000 | Loans, Advances and Deposits | RP-47 | 912084.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 10694240.00 |
| Cash | Cash | RP-40(b) | 102906.00 |
| | **Grand Total** | | **93972523.00** |

**Akathethara Grama Panchayat INCOME & EXPENDITURE STATEMENT**

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 8571598.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 467316.00 |
| 140000000 | Fee & User Charges | I-4(b) | 1293440.00 |
| 150000000 | Sale & Hire Charges | I-5(b) | 177189.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 89272452.00 |
| 171000000 | Interest Earned | I-8 | 75788.00 |
| 180000000 | Other Income | I-9 | 16220.00 |
| | **Total Income** | | **99874003.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 13067986.00 |
| 220000000 | Administrative Expenses | I-11(b) | 1089596.00 |
| 230000000 | Operations & Maintenance | I-12(b) | 4335181.00 |
| 240000000 | Interest & Finance Charges | I-13 | 158.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4318157.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 35188379.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3032097.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 329038.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 38518847.00 |
| 255000000 | Maintenance Projects | I-14(e) | 9130689.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 5000.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 114299.00 |
| 272000000 | Depreciation | I-17(a) | 2501491.00 |
| | **Total Expenditure** | | **111630918.00** |
| | **Gross Surplus/ Deficit of income over Expenditure** | | **-11756915.00** |
| 280000000 | Prior Period Item | I-18 | 709165.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **-12466080.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

**Akathethara Grama Panchayat BALANCE**

| | | | |
|---|---|---|---|
| SHEET | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 11414781.75 |
| 312000000 | Reserves | B-3 | 20623574.00 |
| | **Total Reserve & Surplus** | | **32038355.75** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 6388870.00 |
| | **Total Grants, Contributions for Specific Purposes** | | **6388870.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 15757863.00 |
| | **Total Loans** | | **15757863.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 1723386.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1356805.25 |
| 360000000 | Provisions | B-10 | 56206.00 |
| | **Total Current Liabilities and Provisions** | | **3136397.25** |
| | **TOTAL LIABILITIES** | | **57321486.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 45756864.00 |
| 411000000 | Accumulated Depreciation | B-11 | -2501491.00 |
| 412000000 | Capital Work in Progress | B-11(a) | 2430104.00 |
| | **Total Fixed Assets** | | **45685477.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 110555.00 |
| 431000000 | Sundry Debtors (Receivables) | B-15 | 224833.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 10797146.00 |
| 460000000 | Loans, Advances and Deposits | B-18 | 503475.00 |
| | **Total Current Assets, Loans and Advances** | | **11636009.00** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| | **TOTAL ASSETS** | | **57321486.00** |

Deputy Director